മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 19 THE ONLINE OFFICIAL NEWS BULLETIN 2026 May 07

SEASON OF RESURRECTION | **ഉയിർപ്പുകാലം** | **ܙܒܢܐ ܕܩܝܡܬܐ**

ܚܕܒܫܒܐ SUNDAY	ܬܪܝܢܒܫܒܐ MONDAY	ܬܠܬܐܒܫܒܐ TUESDAY	ܐܪܒܥܐܒܫܒܐ WEDNESDAY	ܚܡܫܐܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
					AWAITING HOLY SPIRIT	AWAITING HOLY SPIRIT
10	11	12	13	14	15	16
5 4th Sunday after New Sunday Feast of St. Simon the Zealot Apostle	1	5	1	5 ✝ Suloqo Ascension of our Lord	1 ✠ Feast of St. Mary for the Crops Comme. of St. Isaac of Ninave, Doctor of the Church	5 36th Mem. of Yuhanon Mar Severios Metropolitan ✠ (Koratti Zion Seminary)



മലങ്കര മൽപ്പാൻ കോനാട്ട് ജോൺസ് എബ്രഹാം റീശ് കൊറെപ്പിസ്കോപ്പായുടെ സപ്തതി ആഘോഷ സമ്മേളനം പ. ബസേലിയോസ് മാർ ത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.




പരുമല സെന്റ് ഗ്രീഗോറിയോസ് കോളജ് ഓഫ് ഹെൽത്ത് സയൻസിൽ ബിരുദദാന ചടങ്ങ്

പരുമല: സെന്റ് ഗ്രീഗോറിയോസ് കോളേജ് ഓഫ് ഹെൽത്ത് സയൻസിലെ 2020, 2021 ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നടത്തപ്പെട്ടു. കേരള ആരോഗ്യ സർവകലാശാലയിൽ നിന്നും 2026-ൽ B.Sc MLT പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി കോളേജിന് അഭിമാനമായി മാറിയ ഹരിത എസ്സിനെ ചട ങ്ങിൽ ആദരിച്ചു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയും വിദ്യാർത്ഥികൾക്കുള്ള ബിരുദ സർട്ടിഫിക്കറ്റുകളും അവാർഡുകളും വിതരണം ചെയ്യുകയും ചെയ്തു.

പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, പരുമല ആശുപത്രിയുടെ സെക്രട്ടറി & പ്രോജക്ട് ഡയറക്ടർ വർക്കി ജോൺ, ആശുപത്രി സി.ഇ.ഒ ഫാ. എം. സി. പൗലോസ്, ചാപ്ലെൻ ഫാ. ജിജു വർഗീസ്, കേരള ആരോഗ്യ സർവകലാശാല അലൈഡ് ഹെൽത്ത് സയൻസസ് ഡീൻ ഡോ. കവിത രവി, MLT ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ ഡോ. എം. പ്രദീപ് കുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷെറിൻ ജോസഫ്, കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ജിഷാമോൾ കെ, വൈസ് പ്രിൻസിപ്പൽ ഹർഷമൂർത്തി സി. എസ്, പ്രൊഫ. ഗാർഗി ആർ. നായർ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

ഓർഡർ ഓഫ് സെന്റ് ജോർജ് ബഹുമതി കുറിയാക്കോസ് മാർ ക്ലീമ്മിസിന്



പത്തനംതിട്ട: ചന്ദനപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഏർപ്പെടുത്തിയ, ഓർഡർ ഓഫ് സെന്റ് ജോർജ് ബഹുമതിക്ക് കുറിയാക്കോസ് മാർ ക്ലീമ്മിസ് വലിയ മെത്രാപ്പൊലിത്താ അർഹനായി.

ആത്മീയ, സാമൂഹിക, വിദ്യാഭ്യാസ മേഖലകളിലെ സേവനങ്ങളെ മാനിച്ചാണിത്. പെരുന്നാളിന്റെ പ്രധാന ദിനമായ വെള്ളിയാഴ്ച ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ബഹുമതി സമ്മാനിക്കും.

വിജയത്തേരിൽ

ജനങ്ങൾക്കൊപ്പം ജനങ്ങൾക്ക് വേണ്ടി ജനകീയമായി നിലകൊള്ളുവാൻ സർവ്വശക്തൻ ഇടയാക്കട്ടെ. മലങ്കരസഭയുടെ അഭിനന്ദനങ്ങൾ



പതിനാറാം കേരള നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ നിന്ന് ചാണ്ടി ഉമ്മനും (പുതുപ്പള്ളി സെന്റ് ജോർജ് വലിയപള്ളി) കുട്ടനാട് നിയോജക മണ്ഡലത്തിൽ നിന്ന് റെജി ചെറിയാനും (പത്തിയൂർ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക) ആറന്മുള നിയമസഭാ മണ്ഡലത്തിൽ നിന്നും അഡ്വ. അബിൻ വർക്കിയും (ഊരമന സെന്റ് ജോർജ് താബോർ ഓർത്തഡോക്സ് ഇടവക) വിജയിച്ചു.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

12.45-ന് ഇവിടെ എത്തി. കോട്ടയത്തു നിന്നും മൂന്നു വലിയ കുപ്പി മൂറോൻ കൊണ്ടുവന്ന് മദ്ബഹായിൽ അലമാരിയിൽ വച്ചു. ഹെഡ്മാസ്റ്റർ നൈനാനും നല്ലിലക്കാരൻ കത്തനാരും മറ്റും ഉണ്ടായിരുന്നു. കോശി കത്തനാർ കൊല്ലത്തിനു പോയിരുന്നു. സന്ധ്യയോടു കൂടി വന്നു.

27-6-1951. കുണ്ടറ. നൈനാൻ കോട്ടയത്തു നിന്നും പത്തരയ്ക്കു വന്നു. കണക്കുകളും മറ്റും നോക്കേണ്ടതിനാണ് വന്നത്. തിരുവല്ലാ നിന്നും കോടിയാട്ടെ ശെമ്മാശൻ, അയാളെ എം.ജി.എം. സ്കൂളിൽ വേക്കൻസി ഉണ്ടെങ്കിൽ നിയമിക്കണമെന്നു കാണിച്ച് ദീവന്നാസ്യോസ് മെത്രാച്ചന്റെ ഒരു എഴുത്തുംകൊണ്ടു വന്നു. മാത്യുവുമായി (ഹെഡ്മാസ്റ്റർ) ആലോചിച്ച് വേണ്ടതു ചെയ്യാമെന്നു പറഞ്ഞയച്ചു. വൈദ്യനച്ചന്റെ മകൾ നമുക്ക് രണ്ടു മസ്നപ്സാ തയ്ച്ചുകൊണ്ടുവന്നു.

28-6-1951. കുണ്ടറ. രാവിലെ നമ്മുടെ താഴത്തെ പറമ്പിലുള്ള കെട്ടിടവും സ്ഥലവും സന്ദർശിച്ചു. അവിടെ നിന്നും പടിഞ്ഞാറെ പുരയിടത്തിലും പോയി. സ്ഥലങ്ങൾ കണ്ടു. വർഗീസ് അവിടെ ഉണ്ടായിരുന്നു. നൈനാനും നമ്മുടെ കൂടെ സ്ഥലങ്ങൾ സന്ദർശിപ്പാൻ വന്നിട്ടുണ്ടായിരുന്നു.


29-6-1951. കുണ്ടറ. ഇന്ന് ശ്ലീഹാ നോമ്പാരംഭിക്കുന്ന ദിവസമാകയാൽ നാം വി. കുർബ്ബാന ചൊല്ലി. 11 മണിക്ക് സ്കൂളിൽ പോയി. ഹെഡ്മാസ്റ്റേഴ്സ് റൂം, ഓഫീസ് റൂം, ടീച്ചേഴ്സ് റൂം ഇവകളും ക്ലാസ്സ് റൂമുകളും സന്ദർശിച്ചു. ഹെഡ്മാസ്റ്റർ സി. ജെ. നൈനാനും കറസ്പോണ്ടന്റ് പി. എൻ. നൈനാനും നമ്മോടു കൂടി ഉണ്ടായിരുന്നു. സ്കൂളിലെ പണം 80 ശതമാനം കെട്ടിവെയ്ക്കുന്നതിന് അനുവദിച്ചുകൊണ്ട് ഹെഡ്മാസ്റ്റർക്കു കല്പന കൊടുത്തു.

30-6-1951. കോട്ടയം. ഉച്ചകഴിഞ്ഞ് രണ്ടര മണിക്കു കോട്ടയത്തിനു തിരിച്ചു. ആറരയ്ക്കു ഇവിടെ എത്തി. വഴിമദ്ധ്യേ അടൂർ പുതുതായി പണിയുന്ന പള്ളിയിൽ കയറി പണികൾ കണ്ടു. പൊങ്ങലടി പള്ളിയിലും കയറി. ബഥേലിൽ കയറിയപ്പോൾ മെത്രാച്ചൻ പത്തനംതിട്ടയ്ക്കു പോയെന്നറിഞ്ഞതിനാൽ ഉടനെ കോട്ടയത്തേക്കു പോന്നു. ഇടയ്ക്ക് ബഥനിയിൽ കയറി. എം.ജി.എം. ഹെഡ്മാസ്റ്റർ മാത്യുവിനെ കണ്ട് ആ സ്കൂളിലെ പണം കെട്ടിവയ്ക്കുന്ന സംഗതിയെപ്പറ്റി പറഞ്ഞു. അദ്ധ്യാപകന്മാർക്കു നാം കൊടുത്തിരിക്കുന്ന ഉടമ്പടി തിരിച്ചു തന്ന ശേഷം കെട്ടിവയ്ക്കാമെന്നും 20 ശതമാനം സ്കൂളാവശ്യങ്ങൾ കഴിച്ച ശേഷം ബാക്കി തുക അവരുടെ കടം വീട്ടാനായി എടുത്തുകൊള്ളുന്നതിനും സമ്മതിച്ചു.

1951 ജൂലൈ

1-7-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ നോമ്പിനെപ്പറ്റിയും മറ്റും പ്രസംഗിച്ചു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. എം.ജി.എം. സ്കൂൾ കാര്യത്തെപ്പറ്റി നാം പറഞ്ഞ വ്യവസ്ഥ അവർക്കു സ്വീകാര്യമല്ലെന്നും മറ്റും പറഞ്ഞ് മാത്യു കോട്ടയത്തു പലരോടും വന്ന് പറഞ്ഞതായി അറിഞ്ഞു. മാമ്മൻ മാപ്പിള, മാത്തുക്കുട്ടി, കുഞ്ഞച്ചൻ, ബേബി എന്നിത്യാദി പേരോടും മറ്റും പറകയും അവർ വിവരം ഇവിടെ ധരിപ്പിക്കയും ചെയ്തു.

2-7-1951. കോട്ടയം. എം.ജി.എം.-ൽ നിന്നും സി. സി. ജോർജ് കത്തനാർ വന്നു. സ്കൂളിലെ കുഴപ്പങ്ങളെപ്പറ്റി പറഞ്ഞു. മാമ്മൻ മാപ്പിള വിവരത്തിന് എഴുത്തു കൊടുത്തയച്ചു. ഉച്ചകഴിഞ്ഞ് മാത്യുവും വന്നു. അവിടത്തെ സംഗതികളെപ്പറ്റി പറഞ്ഞു. അവിടെ ചെന്നു വിവരങ്ങൾ അറിഞ്ഞു തീരുമാനിക്കേണ്ട വിധത്തെപ്പറ്റി അറിയുന്നതിനായി പി. എൻ. നൈനാനെ എം.ജി.എം. ലേക്കു



അയച്ചു. ജോർജ് കത്തനാരും മാത്യുവും ഉണ്ടായിരുന്നു.

വട്ടക്കുന്നേലച്ചനും, ഫീലിപ്പോസ് അച്ചനും തിയോളജിക്കൽ സെമിനാരിയിൽ പഠിച്ചിരുന്ന അഞ്ചാറു ശെമ്മാശന്മാരും കൂടി വന്നിരുന്നു. സെമിനാരി തുറക്കുന്നതിനെപ്പറ്റി പറഞ്ഞു. നെല്ലു കിട്ടാഴിക മൂലം പണം കൊടുക്കാമെന്നു പറഞ്ഞു (നെല്ലിന്റെ റേഷൻവില പ്രകാരമുള്ള പണം). സന്ധ്യ കഴിഞ്ഞ് എല്ലാവരും പോയി.

3-7-1951. പീരുമേട്ടിലെ അച്ചനും, കല്ലട വല്യച്ചനും ആലപ്പുഴ അച്ചനും, മാന്നാത്ത് ഏബ്രഹാം അച്ചനും വന്നു ചില സംഗതികൾ പറഞ്ഞു. സെമിനാരി തിങ്കളാഴ്ച തുറക്കുന്നതിന് അനുവാദം കൊടുത്തു. നൈനാൻ എം.ജി.എം.-ൽ നിന്നു വന്നു. അവർ (അദ്ധ്യാപകർ) ഒരു പുതിയ ഉടമ്പടി എഴുതി ഒപ്പിട്ടതനുസരിച്ച് ഫീസ് പിരിവിന്റെ 80 ശതമാനം ട്രഷറിയിൽ അടയ്ക്കുന്നതിന് അനുവാദ കല്പന കൊടുത്തു. സന്ധ്യയോടുകൂടി ഏലിയാസ് തോമസ് അച്ചൻ വന്നിരുന്നു.

4-7-1951. കോട്ടയം. നമ്മുടെ ജന്മനാൾ ഇന്നാകയാൽ നാം വി. കുർബ്ബാന അർപ്പിച്ചു. അച്ചന്മാർ ഇന്നു രാവിലെ പോയി. നൈനാൻ പുതുശ്ശേരി സ്കൂളിലേക്കു പോയി.

5-7-1951. കോട്ടയം. ഇന്ന് പാട്ടക്കാർ 1800-ൽ പരം പറ നെല്ലു കൊണ്ടുവന്നു. ബാക്കി തരാനുള്ള നെല്ലിനു പകരം രൂപാ തരുന്നതിനേ നിവൃത്തിയുള്ളു എന്നും പറഞ്ഞു. ഭദ്രാസന മീറ്റിംഗിനെ സംബന്ധിച്ച് മെത്രാച്ചന്മാർക്കു കല്പന അയച്ചു.

6-7-1951. കോട്ടയം. പാറേട്ടച്ചൻ വന്നിരുന്നു. പല സംഗതികളെപ്പറ്റിയും സംസാരിച്ചു. ഉച്ചകഴിഞ്ഞു തിരിച്ചുപോയി. പരുമല മാനേജരു കത്തനാരു വന്ന് രണ്ടു കുപ്പി മൂറോൻ പരുമലയ്ക്കു വള്ളത്തേൽ കൊണ്ടുപോയി. ഏലിയാസ്

തോമസ് അച്ചൻ വന്നിരുന്നു. കൂടാതെ ഉച്ചയ്ക്കു കനകപ്പലത്തെ അച്ചനും, ഡബ്ലിയു.സി. വർഗീസ് അച്ചനും വന്നു,

7–7–1951. കോട്ടയം. യൂഹാനോൻ മാംമ്ദാനായുടെ ജനനദിവസത്തിന്റെ ഓർമ്മയാകയാൽ മാനേജരു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് അച്ചനും ചാലാശ്ശേരിൽ അച്ചനും ഈപ്പൻ ശെമ്മാശനും വന്നിരുന്നു. മാന്നാർ മർത്തമറിയം പള്ളി വികാരി ഏബ്രഹാം കത്തനാർ വന്ന് പള്ളിക്കാര്യവും അയാളുടെ സ്ഥലംമാറ്റ കാര്യവും മറ്റും പറഞ്ഞു. ഇതേപ്പറ്റി കേൾക്കുന്നതിനായി അടുത്ത തിങ്കളാഴ്ച പള്ളിക്കാർ ഇവിടെ വരണമെന്നു കാണിച്ച് പള്ളിക്കാർക്കും ഭദ്രാസന സെക്രട്ടറി ഏലിയാസ് തോമസ് അച്ചനും കല്പന കൊടുത്തയച്ചു.

8–7–1951. കോട്ടയം. രാവിലെ വി. കുർബ്ബാന നാം അർപ്പിച്ചു. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. കുർബ്ബാനാനന്തരം ചെറിയപള്ളി പൊതുയോഗം നേരത്തെ വിളിച്ചുപറഞ്ഞിരുന്നതനുസരിച്ചു കൂടി. ഇന്ന് പലരും നമ്മെ വന്നു സന്ദർശിച്ചു. വ്യാഴാഴ്ചത്തെ പെരുന്നാൾ പ്രമാണിച്ച് ഇന്ന് കൊടിമരം നാട്ടി. തിരുമൂല പള്ളിക്കാർ ഇന്നും വന്നിരുന്നു.

9–7–1951. കോട്ടയം. മണലിൽ യാക്കോബ് കത്തനാർ കേസു പ്രമാണിച്ച് തിരുവനന്തപുരത്തു പോകുവാൻ വന്നിരുന്നു. കല്പന അനുസരിച്ച് മാന്നാർ പള്ളിക്കാർ വന്നിരുന്നു. വികാരി അബ്രഹാം അച്ചനും ഭദ്രാസന സെക്രട്ടറി ഫാ. ഏലിയാസ് തോമസും ഉണ്ടായിരുന്നു. അവരുടെ സംഗതികളെക്കുറിച്ചു കേട്ടു തീരുമാനിച്ച്, അടുത്ത ഞായറാഴ്ച അബ്രഹാം അച്ചൻ അവിടെ ചൊല്ലിയശേഷം ഇടവക മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ചു ചെയ്തുകൊള്ളുവാൻ കല്പന കൊടുത്തു. വട്ടക്കുന്നേൽ അച്ചൻ വന്ന് തിയോളജിക്കൽ സെമിനാരിക്കാര്യം പറഞ്ഞു.

10–7–1951. കോട്ടയം. രാവിലെ മാനേജരച്ചൻ വി. കുർബ്ബാന ചൊല്ലി. ഒമ്പതു മണിക്ക് ഭദ്രാസനയോഗം പ്രമാണിച്ച് എം.ഡി. യിലേക്കു പോയി. പത്തരയ്ക്കു യോഗം ആരംഭിച്ചു. പാമ്പാടി മെത്രാച്ചനും വന്നിരുന്നു. ഭൂരിഭാഗം പള്ളിക്കാരും വന്നിരുന്നു. കേസിന്റെ പണപിരിവിനെപ്പറ്റി ആലോചിച്ചു പള്ളികളിൽ നിന്നും 13075 രൂപ പിരിക്കുന്നതിന് ലിസ്റ്റുണ്ടാക്കി. എല്ലാവർക്കും തന്നെ ഉത്സാഹമായിരുന്നു. ഒന്നരയ്ക്കു യോഗം അവസാനിച്ചു. ഉച്ചഭക്ഷണശേഷം നട്ടാശ്ശേരി പള്ളി സന്ദർശിച്ചു. മൂന്നു മണിക്കു ഇവിടെ എത്തി. മണലിൽ അച്ചൻ രാവിലെ തിരുവനന്തപുരത്തിനു പോയി.

11–7–1951. കോട്ടയം. രാവിലെ നാമും മാനേജരച്ചനും കുമരകം പള്ളി വികാരി ഏബ്രഹാം കത്തനാരും കൂടി വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. നാലു മണിക്ക് സെമിനാരിക്കാർ പെരുന്നാൾ പ്രമാണിച്ചു വന്നു. വാളനടി അച്ചനും, യോഹന്നാൻ അച്ചനും ഉണ്ടായിരുന്നു. നമസ്കാരവും റാസയും മറ്റും പതിവുപോലെ ഉണ്ടായിരുന്നു. കുണ്ടറ കോശി കത്തനാർ വന്നു. രാത്രി താമസിച്ചു.

12–7–1951. കോട്ടയം. നോമ്പു വീടലും പുലിക്കോട്ടു മെത്രാച്ചന്റെ ഓർമ്മയും പ്രമാണിച്ച് നാമും കോശി കത്തനാരും ഫീലിപ്പോസ് കത്തനാരും കൂടി വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. വട്ടക്കുന്നേൽ കത്തനാരും തോട്ടയ്ക്കാട്ടു ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് റാസയുണ്ടായിരുന്നു. സാധുക്കൾക്ക് സംഭാവന കൊടുത്തു. പാറേട്ടച്ചൻ വന്നിരുന്നു. സന്ധ്യയ്ക്കു അക്കരെ കൊച്ചുപാപ്പി മരിച്ചുപോയി എന്ന വിവരം ഇവിടെ അറിയിച്ചു. മാനേജരു കത്തനാരും, ശെമ്മാശനും, ജോർജും കൂടി പോയി അന്വേഷിച്ചു.

13–7–1951. കോട്ടയം, തിരുവല്ല. വി. ശ്ലീഹന്മാരുടെ പെരുന്നാൾ പ്രമാണിച്ച് നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശന് പൂർണ്ണ ശെമ്മാശുപട്ടം കൊടുത്തു. മാമ്മൻ മാപ്പിള വന്നിരുന്നു. ഉച്ചകഴിഞ്ഞ് തിരുവല്ലായ്ക്കു തിരിച്ചു. അഞ്ചരയ്ക്കു ഇവിടെ എത്തി. സന്ധ്യയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ തൃശ്നാപ്പള്ളിയിൽ നിന്നും വന്നു.

14–7–1951. തിരുവല്ല, കോട്ടയം. രാവിലെ 11 മണിക്ക് ഭദ്രാസന യോഗം കൂടി. ഭൂരിഭാഗം പ്രതിനിധികളും വന്നിരുന്നു. തേവർവേലിൽ അച്ചനും നൈനാനും പ്രസംഗിച്ചു. കേസിന്റെ പണപിരിവിനെപ്പറ്റി ആലോചിച്ചു. പള്ളിക്കാർ എല്ലാവരും കൂടി. 22000 രൂപാ ചിങ്ങം 15–നകം പിരിച്ചേൽപ്പിക്കാമെന്ന് സമ്മതിച്ചു. രണ്ടു മണിക്ക് യോഗം അവസാനിച്ചു. 3 മണിക്കു ഇവിടേക്കു പോന്നു.

15–7–1951. കോട്ടയം. രാവിലെ നട്ടാശ്ശേരിൽ പോയി. സണ്ടേസ്കൂൾ കെട്ടിടത്തിന്റെ കൂദാശ നടത്തി. വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് അച്ചൻ കുർബ്ബാനയ്ക്കു മുമ്പും, മാനേജരച്ചൻ കുർബ്ബാന കഴിഞ്ഞും വന്നു. കാപ്പി കഴിഞ്ഞ് പൊതുയോഗം കൂടുകയും അതിൽ വച്ച് സണ്ടേസ്കൂളിൽ ഈ വർഷം പാസ്സായ കുട്ടികൾക്ക് സമ്മാനം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് തിരിച്ചുപോന്നു.

16–7–1951. കോട്ടയം. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ പ്രമാണിച്ച് നാം വി. കുർബ്ബാന അർപ്പിച്ചു. പത്തര മണിക്ക് ആലോചനാ സമിതി കൂടി. പാറേട്ടച്ചനും എം. സി. മാത്യുവും ഇ. ജെ. ജോസഫും വന്നിരുന്നു. പുതിയ കമ്മിട്ടി അംഗങ്ങളെ തിരഞ്ഞെടുത്തു. 12 മണിക്ക് മീറ്റിംഗ് അവസാനിച്ചു. പറക്കോട്ടുകാരൻ ഫീലിപ്പോസ് അച്ചനും, മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. രാത്രി താമസിച്ചു.

17–7–1951. കോട്ടയം, പത്തനംതിട്ട. ഉച്ചകഴിഞ്ഞ് പത്തനംതിട്ടയ്ക്കു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി. പറക്കോട്ടുകാരൻ കത്തനാരും നമ്മോടു കൂടി ഇവിടംവരെ ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചൻ വന്നിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് അരമനയിലേക്കു പോയി. ദാനിയേലു കത്തനാരും ദാവീദ് കത്തനാരും മറ്റ് അച്ചന്മാരും ശെമ്മാശന്മാരും നമ്മെ വന്നു കണ്ടു.

18–7–1951. പത്തനംതിട്ട. രാവിലെ പത്തര മണിക്ക് ഭദ്രാസനയോഗം ആരംഭിച്ചു. മെത്രാച്ചൻ വന്നിരുന്നു. ഭൂരിഭാഗം പള്ളിപ്രതിപുരുഷന്മാരും ഹാജരായിരുന്നു. നാം ഉപക്രമമായി പറഞ്ഞതിനുശേഷം കുറ്റിക്കണ്ടത്തിൽ അച്ചനും, ജോർജ്ജു സാറും ഉണ്ണൂണ്ണിയും പ്രസംഗിച്ചു. പണപിരിവിനെക്കുറിച്ച് ആലോചിച്ചു. അവിടെ സന്നിഹിതരായിരുന്നവർ ഓരോ തുക വാഗ്ദാനം ചെയ്തു. ഉച്ചകഴിഞ്ഞ് വീണ്ടും കൂടി ഓരോ പള്ളികളിൽ നിന്നും അത്യാവശ്യമായി തരേണ്ട സംഖ്യയ്ക്കു ലിസ്റ്റ് തയ്യാറാക്കി വായിച്ചു. അതനുസരിച്ച് എല്ലാ പള്ളിക്കാരും നിർബ്ബന്ധമായി പണം തരണമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു. ചിങ്ങം 15–നകം പണം അയച്ചുതരണമെന്നാണ് പറഞ്ഞിരിക്കുന്നത്. മൂന്നരയ്ക്കു യോഗം അവസാനിച്ചു. മെത്രാച്ചൻ അരമനയിലേയ്ക്കു പോയി.

19–7–1951. പത്തനംതിട്ട, പുത്തൻകാവ്. രാവിലെ കാപ്പി കഴിഞ്ഞ് മെത്രാച്ചൻ താമസിക്കുന്നിടത്തു പോയി. ദാനിയേൽ കത്തനാരും മറ്റും ഉണ്ടായിരുന്നു. അവിടെനിന്നും നാമും മെത്രാച്ചനും കൂടി സ്കൂൾ സന്ദർശിച്ചു. ഹെഡ്മാസ്റ്ററും മറ്റും താല്പര്യമായി നമ്മെ സ്വീകരിച്ച് ക്ലാസ്സുകൾ എല്ലാം കൊണ്ടുചെന്നു കാണിച്ചു. തിരികെ പള്ളിയിൽ വന്ന് ഉച്ചയൂണ് കഴിഞ്ഞ് പുത്തൻകാവിനു തിരിച്ചു. മൂന്നു മണിക്കു ഇവിടെ എത്തിച്ചേർന്നു. നൈനാനും കൂടെ ഉണ്ടായിരുന്നു. ഇവിടെ വന്നതിനുശേഷം നൈനാൻ കോട്ടയത്തിനു പോയി.

20–7–1951. പുത്തൻകാവ്, പാലിയേക്കര. രാവിലെ അച്ചൻ എഴുത്തു കൊടുത്തതനുസരിച്ച് ഇടവകക്കാരിൽ ചിലർ ഇവിടെ നമ്മെ കാണാൻ വന്നു. കേസിന്റെ പണപിരിവിനെപ്പറ്റി ആലോചിച്ചു. എല്ലാവരും കൂടി ഉത്സാഹമായി ചെയ്യണമെന്നും നിശ്ചിത തുക നിശ്ചിത തീയതിക്കകം നമ്മെ ഏല്പിക്കണമെന്നും പറകയും അവർ എല്ലാവരും ഉത്സാഹിച്ച് പ്രവർത്തിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു.

ശങ്കരത്തിൽ അച്ചന്റെ ഒരു അപേക്ഷയുമായി ജോഷ്വാ കത്തനാരും, ളാക്കൂക്കാരൻ കത്തനാരും വന്നിരുന്നു. ഉച്ചഭക്ഷണം കഴിഞ്ഞ് വികാരിയും ഒന്നിച്ച് ആറാട്ടുപുഴ പണിയുന്ന പള്ളി സന്ദർശിക്കുവാൻ പോയി. ഇടവകക്കാരിൽ പലരും അവിടെ ഉണ്ടായിരുന്നു. പണി വളരെ നന്നായിരിക്കുന്നു. എല്ലാം കണ്ടശേഷം തിരികെ പുത്തൻകാവിൽ വന്ന് സ്കൂളിൽ കയറി ക്ലാസ്സുകൾ സന്ദർശിച്ചു. അവിടെ നിന്നും ഇവിടേക്കു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി. തേവോദോസ്യോസ് മെത്രാച്ചനും ഇവിടത്തെ അച്ചന്മാരെല്ലാവരും ഉണ്ടായിരുന്നു. സന്ധ്യയോടു കൂടി കൊല്ലം ഭദ്രാസന സെക്രട്ടറി യാക്കോബ് കത്തനാരും ടി. എസ്. ഏബ്രഹാം കത്തനാരും വന്നിരുന്നു.

21–7–1951. മാവേലിക്കര. 11 മണിക്ക് ഭദ്രാസന മീറ്റിംഗ് ആരംഭിച്ചു. മെത്രാച്ചനും ഉണ്ടായിരുന്നു. പ്രത്യേക ക്ഷണമനുസരിച്ച് കുറ്റിക്കണ്ടത്തിലച്ചനും ടി. എസ്. ഏബ്രഹാം അച്ചനും വന്നിരുന്നു. അച്ചന്മാരെ കൂടാതെ സി. ഐ. നൈനാൻ, സി. റ്റി. ഈപ്പൻ എന്നിവർ പ്രസംഗിച്ചു. സന്നിഹിതരായ പട്ടക്കാർ ഓരോ തുക വാഗ്ദാനം ചെയ്തു. കൂടാതെ പള്ളികൾക്ക് തുക നിശ്ചയിച്ച് ലിസ്റ്റ് തയ്യാറാക്കി യോഗത്തിൽ വായിച്ചു. എല്ലാവരും സമ്മതിച്ചു. രണ്ടു മണിക്ക് യോഗം അവസാനിച്ചു. മെത്രാച്ചൻ കുന്നത്തു പള്ളിയിലേക്കു പോയി. പല ആളുകളും നമ്മെ വന്നു സന്ദർശിച്ചു. പണപിരിവിനെപ്പറ്റിയും മറ്റും സംസാരിച്ചു.

22-7-1951. മാവേലിക്കര. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. വളരെ അധികം ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് മോപ്പിൽ എന്ന വീട്ടിൽ പോയി അവരുടെ പ്രത്യേകമായ ആവശ്യം പ്രമാണിച്ച് വീടുകൂദാശ നടത്തി. നാലരയ്ക്കു മെത്രാച്ചൻ തിരിച്ചുവന്നു. ഇവിടെ താമസിച്ചു.

23-7-1951. മാവേലിക്കര, കുണ്ടറ. ഉച്ചകഴിഞ്ഞ് കുണ്ടറയ്ക്കു തിരിച്ചു. അച്ചന്മാരും കമ്മിറ്റി മെമ്പറന്മാരും മറ്റും നമ്മെ യാത്ര അയപ്പാൻ പള്ളിയിൽ കൂടിയിരുന്നു. മെത്രാച്ചനും കൊട്ടാരക്കരയ്ക്കു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി.

24-7-1951. കുണ്ടറ. 9 മണിക്കു കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയിൽ എത്തി. കോശി കത്തനാരും സി. ഐ. നൈനാനും ഉണ്ടായിരുന്നു. മെത്രാച്ചൻ ഇന്നലെത്തന്നെ അവിടെ എത്തിയിരുന്നു. ഭദ്രാസന യോഗം സംബന്ധിച്ച് ഭൂരിഭാഗം പട്ടക്കാരും മറ്റു പ്രതിനിധികളും സംബന്ധിച്ചിരുന്നു. 11 മണിക്ക് യോഗം ആരംഭിച്ചു. സി. ഐ. നൈനാനും ഫാ. അഞ്ചലും പ്രസംഗിച്ചു. അനന്തരം അച്ചന്മാരും ഹാജരായിരുന്ന പ്രതിനിധികളും ഓരോ തുക വാഗ്ദാനം ചെയ്തു. ഓരോ പള്ളികൾക്കും ഉള്ള വരിസംഖ്യ വായിച്ചു. എല്ലാവരും സമ്മതിച്ച് സന്തോഷമായി രണ്ടു മണിക്ക് പിരിഞ്ഞു. സി. പി. മാത്തനും മറ്റും വന്നിരുന്നു. നാലു മണിക്കു തിരിച്ച് ഇവിടെ എത്തി. പി. എൻ. നൈനാൻ കൊട്ടാരക്കര നിന്നും കണക്കു പരിശോധനാർത്ഥം ഇവിടെ വന്നു.

25-7-1951. കുണ്ടറ. നൈനാൻ ഇവിടുത്തെ കണക്കുകൾ പരിശോധിച്ചു. നല്ലിലക്കാരൻ കത്തനാരും ഉണ്ടായിരുന്നു.

26-7-1951. കുണ്ടറ. രാവിലെ കാപ്പി കഴിഞ്ഞ് ചാത്തന്നൂർക്കു പോയി. നൈനാനും കൂടെ ഉണ്ടായിരുന്നു. സ്കൂളിൽ കയറി. വികാരി അച്ചനും എ.എസ്.പി. ലൂക്കും മറ്റും അവിടെ വന്നിരുന്നു. നൈനാൻ അവിടത്തെ കണക്കുകൾ പരിശോധിച്ചു. ഉച്ചയ്ക്കു കിഴക്കെവീട്ടിലെ മുതലാളിയുടെ വീട്ടിൽ പോയി. ടിയാനെ സന്ദർശിച്ചു. പഴയ സുഖക്കേടുകൾ കുറവുണ്ട്. വളരെ സന്തോഷമായിരുന്നു. സ്കൂൾകാര്യത്തെപ്പറ്റിയും മറ്റും സംസാരിച്ചു. ഉച്ചമേശ കഴിഞ്ഞ് രണ്ടേമുക്കാലിനു ഇങ്ങോട്ടു തിരിച്ചു. നാലര മണിയോടു കൂടി ഇവിടെ എത്തി. വൈദ്യൻ കത്തനാരും തടത്തിവിള കത്തനാരും മറ്റും വന്നിരുന്നു.

27-7-1951. കുണ്ടറ. മാർ കുറിയാക്കോസ് സഹദായുടെ പെരുന്നാൾ പ്രമാണിച്ച് ഇന്ന് കോശി കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. 10 മണിക്ക്, മുൻ കൊടുത്തിരുന്ന കല്പന അനുസരിച്ച് പുത്തൂർ പള്ളിയിലെ അച്ചന്മാരും പള്ളി കമ്മിറ്റിക്കാരും വന്നു. അവരുടെ സംഗതികളെപ്പറ്റി കേട്ടു. വരുമാനക്രമം, വലിയ മെത്രാച്ചൻ നടപ്പിൽ വരുത്തിയിരുന്നതിനെ ആസ്പദമാക്കി ഇടവക മെത്രാപ്പോലീത്താ അവർക്കു കൊടുത്തിട്ടുള്ള കല്പനപ്രകാരം മേലിൽ നടന്നുകൊള്ളണമെന്നും, അങ്ങനെ അനുസരിക്കാത്തവന്റെ കർമ്മാദികൾ അച്ചന്മാർ നടത്തിക്കൊടുക്കരുതെന്നും പറഞ്ഞു. എല്ലാവരും അതു സമ്മതിച്ചു. കൂടാതെ ഇപ്പോൾ പിണങ്ങി മൂന്നായി പിരിഞ്ഞു നിൽക്കുന്ന പ്രാർത്ഥനായോഗം ഓർത്തഡോക്സ് പ്രാർത്ഥനായോഗം എന്ന പേരിൽ അറിയപ്പെടണമെന്നും മൂന്നും ഒന്നിക്കണമെന്നും, അതനുസരിച്ച് ഇവർ കുരിശുപണിക്ക് സംഭാവനകൾ കൊടുക്കണമെന്നും തീരുമാനിച്ചു. ഇപ്രകാരം തീരുമാനിച്ചു സമ്മതിച്ചശേഷം ഉച്ചയോടു കൂടി എല്ലാവരും പോയി.

നാളെ പെരുന്നാൾ ആകയാൽ പ്രത്യേക പ്രാർത്ഥനകൾ സന്ധ്യയ്ക്കു നടത്തി. വട്ടക്കാട്ടെ കത്തനാരും, പീടികയിലെ കത്തനാരും നല്ലിലക്കാരൻ കത്തനാരും വന്നു. രാത്രി താമസിച്ചു.

28-7-1951. മാർ കുറിയാക്കോസ് സഹദായുടെ പെരുന്നാൾ പ്രമാണിച്ച് നാമും, തടത്തിവിള കത്തനാരും, വട്ടയ്ക്കാട്ടെ കത്തനാരും കൂടി വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. മൂന്നിന്മേൽ കുർബ്ബാന വൈദ്യൻ കത്തനാരുടെ നേർച്ചയായിരുന്നു. ടിയാനെ കൂടാതെ പീടികയിൽ കത്തനാരും, ചാത്തന്നൂക്കാരൻ കത്തനാരും, കല്ലുമ്മൂട്ടിൽ കത്തനാരും, കുണ്ടറ വലിയ അച്ചനും കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. എല്ലാവർക്കും കാപ്പിയും, ഊണും കൊടുത്തു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി. സ്കൂളിൽ താമസിക്കുന്ന സാറന്മാരും പ്രത്യേക ക്ഷണപ്രകാരം പെരുന്നാളിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് റാസയും മറ്റും ഉണ്ടായിരുന്നു.

29-7-1951. കുണ്ടറ, കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. പള്ളി നിറയെ ആളുകൾ കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. ഉച്ചകഴിഞ്ഞ് കോട്ടയത്തിനു തിരിച്ചു. പോരുന്നവഴി തിരുവല്ലാ ബഥനിയിൽ കയറി. കെ. എ. മാത്യുവിനെ വരുത്തി ചില സംഗതികൾ പറഞ്ഞു. പി. എ. ജേക്കബും, ചാക്കോച്ചനും മറ്റു പലരും അവിടെ വന്നു നമ്മെ കണ്ടു. സി. സി. ജോർജ് കത്തനാരും വന്നിരുന്നു. കുണ്ടറ നിന്നും കോശി കത്തനാരും നൈനാനും നമ്മോടു കൂടി ഉണ്ടായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഇവിടേക്കു തിരിച്ചു. എട്ടുമണിക്ക് ഇവിടെ എത്തി. മണലിൽ യാക്കോബ് കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

30-7-1951. കോട്ടയം. രാവിലെ അച്ചന്മാർ പോയി വയസ്ക്കര മൂസ്സതിനെ കണ്ട് എണ്ണ സേവിക്കുന്ന സംഗതിയെപ്പറ്റി ചോദിച്ചു. കൊച്ചുകൊച്ചും പോയിരുന്നു. ഇന്ന് സന്ധ്യയോടു കൂടി എണ്ണസേവ തുടങ്ങി.

31-7-1951. കോട്ടയം. പത്തിച്ചിറ പള്ളിക്കാർ വന്ന് ചില പരാതികൾ വികാരിയെപ്പറ്റി ബോധിപ്പിച്ചു. ഇടവക മെത്രാപ്പോലീത്തായെ സമീപിച്ച് വിവരം ധരിപ്പിച്ച് തീരുമാനമുണ്ടാക്കുന്നതിന് അവരോടു പറഞ്ഞു. ഉടകത്തിൽ ശമുവേൽ കത്തനാർ വന്നിരുന്നു. കോശി കത്തനാർ ഉച്ചയോടുകൂടി പോയി. നാലു മണിക്ക് ഹെഡ്മാസ്റ്റർ ഏബ്രഹാം വന്ന് നമ്മുടെ ഫോട്ടോകൾ പലവിധത്തിൽ എടുത്തു. ഏറ്റവും നല്ലത് അബിസീനിയർ ചക്രവർത്തിക്കും മറ്റും സമ്മാനിക്കുന്നതിന് കോശി കത്തനാർ വശം കൊടുത്തയക്കുന്നതിനാണ്.

1-8-1951. കോട്ടയം. ഇന്ന് വിശേഷം ഒന്നുംതന്നെ ഇല്ല.

2-8-1951. കോട്ടയം. ഏലിയാ ദീർഘദർശി മേഘത്തിലേക്ക് എടുക്കപ്പെട്ടതിന്റെ ഓർമ്മദിവസമാകയാൽ മണലിൽ യാക്കോബ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. വെൺമണി തെക്കേത്തലയ്ക്കൽ ഗീവറുഗീസ് കത്തനാർ, മാർ തീമോത്തിയോസ് മെത്രാച്ചന്റെ ഒരു എഴുത്തുംകൊണ്ടു വന്നു. അയാൾ റീത്തിൽ ചേർന്നെങ്കിലും, അത് തെറ്റിപ്പോയെന്ന് ബോധമുണ്ടെന്നും, ഇപ്പോൾ പശ്ചാത്തപിക്കുന്നെന്നും, എന്തെങ്കിലും പ്രതിവിധി കല്പിച്ച് അയാളെ ചേർത്താൽ കൊള്ളാമെന്നും എഴുതിയിരുന്നു. മെത്രാച്ചന്റെ ഇഷ്ടപ്രകാരം ചെയ്യുന്നതിനു നാം അനുവദിച്ചതായി കല്പന കൊടുത്തു. മണലിൽ കത്തനാർ ഉച്ചകഴിഞ്ഞു പോയി. ഹോസ്റ്റലിൽ നിന്നും ശെമ്മാശന്മാർ വന്നിരുന്നു.

3-8-1951. കോട്ടയം. ഇന്ന് സി. സി. ജോർജ് കത്തനാരും, ഉമയാറ്റുംകര കത്തനാരും വന്നിരുന്നു. ഡെപ്യൂട്ടി തഹസീൽദാർ ചാണ്ടപ്പിള്ളയും കുടുംബവും ഇവിടെ സന്ധ്യയോടു കൂടി വന്ന് നമ്മെ സന്ദർശിച്ചു.

4-8-1951. കോട്ടയം. ഫീലിപ്പോസ് കത്തനാർ രാവിലെ വി. കുർബ്ബാന ചൊല്ലി. ഉച്ചകഴിഞ്ഞ് വട്ടക്കുന്നേൽ കത്തനാർ വന്ന് തിയോളജിക്കൽ സെമിനാരി കാര്യത്തെപ്പറ്റി പറഞ്ഞു.

5-8-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. മാനേജരച്ചൻ നട്ടാശ്ശേരിയിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. ഇവിടെ പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. ഉപ്പൂട്ടിലെ ജോണിച്ചന്റെ മകൻ വന്നിരുന്നു.

6-8-1951. കോട്ടയം. തേവോദോസ്യോസ് മെത്രാച്ചൻ വന്നിരുന്നു. ബോംബെ പള്ളി കൂദാശ സംബന്ധിച്ചു പറഞ്ഞു. അവിടെ നിന്നും വന്ന കമ്പിപ്രകാരം ഒക്ടോബർ 28-നു തന്നെ കൂദാശ ചെയ്യാമെന്നു തീരുമാനിച്ചു. ഫീലിപ്പോസു കത്തനാരും വന്നിരുന്നു. ഉച്ചകഴിഞ്ഞ് മെത്രാച്ചൻ പോയി. നേരത്തെ അറിയിച്ചിരുന്നതനുസരിച്ച് ഓതറ മാത്യൂസ് കത്തനാർ ഇവിടെ വന്നിരുന്നു. ചില കാര്യങ്ങൾ അയാളോടു പറഞ്ഞു. മണലിൽ യാക്കോബ് കത്തനാർ സന്ധ്യയ്ക്കു വന്നു.


7-8-1951. കോട്ടയം. രാവിലെ മണലിൽ കത്തനാർ കേസിനെപ്പറ്റി ആലോചിക്കാനായി തിരുവനന്തപുരത്തിനു പോയി. ബോംബെ പള്ളിക്കാർക്കു കൊടുക്കുന്നതിനു മാനേജിംഗ് കമ്മിറ്റിയിൽ നിശ്ചയിച്ച 250 രൂപാ ഇന്ന് അയച്ചുകൊടുക്കുന്നതിന് സമുദായ സെക്രട്ടറി ബേബിയെ ഏല്പിച്ചു. സന്ധ്യയോടു കൂടി വെണ്മണിക്കാരൻ റീത്തിൽ ചേർന്നിരുന്ന തെക്കേത്തലയ്ക്കൽ ഗീവറുഗീസ് കത്തനാർ തീമോത്തിയോസ് മെത്രാച്ചന്റെ ഒരെഴുത്തും താൻ തെറ്റിപ്പോയെങ്കിലും ഇനിയും തെറ്റുകയില്ലെന്നും കല്പനപ്രകാരം പ്രവർത്തിച്ചുകൊള്ളാമെന്നും മറ്റുമുള്ള ഒരു ഉടമ്പടി നമ്മുടെ പേർക്ക് എഴുതി രജിസ്റ്ററാക്കിയതും കൊണ്ടുവന്നു. അനുതാപത്തിന്റെ ഒരു പ്രാർത്ഥന നടത്തി അയാളെ നാം സ്വീകരിച്ചു.

(തുടരും)

സപ്തതി നിറവിൽ മലങ്കര മല്പാൻ

സഖറിയാ പെരുമ്പടവം

മലങ്കര മല്പാൻ കോനാട്ട് ഡോ. ജോൺസ് ഏബ്രഹാം റീശ് കോറെപ്പിസ്കോപ്പാ 2026 മെയ് മാസം മൂന്നാം തീയതി സപ്തതി നിറവിലെത്തിയിരിക്കുന്നു. മലങ്കരയുടെ മുഴുവൻ ഗുരുവാണ് മലങ്കര മല്പാൻ. പരിശുദ്ധ സഭയുടെ ആരാധനാവിജ്ഞാനീയത്തിന്റെയും കൂദാശാശാസ്ത്രത്തിന്റെയും സുറിയാനി ഭാഷയുടെയും കാവലാളാണ് മലങ്കര മല്പാൻ ഡോ. ജോൺസ് ഏബ്രഹാം റീശ് കോറെപ്പിസ്കോപ്പാ.



പുരാതന മല്പാൻ കുടുംബമായ പാമ്പാക്കുട കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പായുടെ മകൻ കോനാട്ട് അബ്രഹാം മല്പാന്റെയും കുഴിക്കണ്ടത്തിൽ മത്തായിയുടെ മകൾ മറിയാമ്മയുടെയും മകനായി 1956 മെയ് മൂന്നിനാണ് ജനനം. മാത്യു, പരേതനായ ജോർജ്ജ്, എലിസബേത്ത്, ഷൈന എന്നിവരാണ് സഹോദരങ്ങൾ. പാമ്പാക്കുട ഗവൺമെന്റ് യു.പി. സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചത്. പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം എം.റ്റി.എം. ഹൈസ്കൂളിൽ ചേർന്ന് പഠനം തുടർന്നു. പിന്നീട് ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്ക് പഠനം മാറ്റണം എന്ന പിതാവിന്റെ താല്പര്യമനുസരിച്ച് കോതമംഗലം മാർ അത്താനാസ്യോസ് കോളജ് ഹൈസ്കൂളിലേക്ക് മാറി, ഹോസ്റ്റൽ സൗകര്യത്തോടു കൂടിയുള്ള വിദ്യാഭ്യാസം ആയിരുന്നു തുടർന്ന് നടത്തിയത്. ആലുവാ യു.സി. കോളജിൽ പ്രീഡിഗ്രിയും, ബി.എ. യും പൂർത്തീകരിച്ചു. ബി.എ. സൈക്കോളജി ആയിരുന്നു ഐച്ഛിക വിഷയം. അതിനുശേഷം കോട്ടയം പഴയ സെമിനാരിയിൽ വേദശാസ്ത്ര പഠനത്തിനും വൈദിക പരിശീലനത്തിനുമായി ചേർന്നു.

കോളജ് കാലഘട്ടങ്ങളിൽ ബാസ്കറ്റ്ബോൾ, വോളിബോൾ തുടങ്ങിയ കളികളിൽ പങ്കെടുത്തിരുന്നു. യു.സി. കോളജ് ഹോസ്റ്റലിൽ താമസിച്ചിരുന്നപ്പോൾ അവിടെയുള്ള ഓർത്തഡോക്സ് കോൺഗ്രിഗേഷനിൽ സജീവ സാന്നിധ്യമായിരുന്നു. അവിടെ മൂന്നു പ്രാവശ്യം സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുകയും, വിശുദ്ധ കുർബാന നടത്താനുള്ള സാഹചര്യങ്ങൾക്ക് നേതൃത്വം ഏറ്റെടുക്കുകയും മറ്റ് അദ്ധ്യാത്മിക പ്രവർത്തനങ്ങളിലും സജീവമായി ചേർന്നു പ്രവർത്തിക്കുകയും ചെയ്തു. ബി.എ. റിസൾട്ട് വരുന്നതിനു മുമ്പ് തന്നെ വൈദിക സെമിനാരിയിൽ പഠനത്തിനായി പ്രവേശിച്ചിരുന്നു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പഴയ സെമിനാരിയുടെ പ്രിൻസിപ്പാൾ ആയിരുന്നപ്പോഴാണ് അച്ചന്റെ സെമിനാരി പഠനകാലം. സെമിനാരി വിദ്യാഭ്യാസത്തിനുശേഷം ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം കത്തോലിക്കാ സഭയുടെ ഒരു സ്കോളർഷിപ്പോടു കൂടി ബെൽജിയത്തിൽ ഉപരിപഠനത്തിനായി പോയി. ബെൽജിയത്തിൽ ലുവെയ്ൻ കാത്തലിക് യുണിവേഴ്സിറ്റിയിൽ നിന്ന് സുറിയാനി പണ്ഡിതന്മാരുടെ കീഴിൽ മാസ്റ്റേഴ്സും ഡോക്ടറേറ്റും എടുത്തു. സുറിയാനി പിതാക്കന്മാരെ കുറിച്ചുള്ളതായിരുന്നു ഡോക്ടറേറ്റിന്റെ പ്രധാന ഗവേഷണ വിഷയം. അതിൽ പ്രധാനമായതു പ്രശസ്ത സുറിയാനി കവിയായിരുന്ന ബോവൂസോകൾ എഴുതിയ സ്രൂഗിലെ യാക്കോബിനെ കുറിച്ചുള്ളതായിരുന്നു. ഉപരിപഠനത്തിന് പോകുന്നതിന് തൊട്ടുമുമ്പുള്ള ഏഴു മാസക്കാലം പ്രശസ്തനായ വി. സി. ശമുവേൽ അച്ചന്റെ കൂടെയുള്ള പഠനം സുറിയാനി പാണ്ഡിത്യത്തിൽ അച്ചന് വളരെയധികം അവഗാഹം നേടാൻ സഹായിച്ചു. അതുപോലെ സെമിനാരിയിൽ പഠിപ്പിച്ചവരായ ഞാർത്താങ്കൽ കോരുത് മല്പാൻ, അബ്രഹാം മല്പാൻ തുടങ്ങിയവരാണ് സുറിയാനി പഠനത്തിന് നേതൃത്വം നൽകിയവർ.

1980 മാർച്ച് മാസം എട്ടിന് പാമ്പാക്കുട വലിയപള്ളിയിൽ വച്ച് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന ജോസഫ് മാർ പക്കോമിയോസിൽ നിന്ന് യൗപ്പദ്യഖ്നോ പട്ടം സ്വീകരിച്ചു. 1984 ഡിസംബർ 31-നു ആയിരുന്നു അച്ചന്റെ വിവാഹം. മലങ്കര മല്പാൻ ഞാർത്താങ്കൽ കോരുത് മല്പാന്റെ മകൾ നിസ്സിയെ ആണ് വിവാഹം ചെയ്തത്. 1985 മെയ് 13-നു പാമ്പാക്കുട വലിയപള്ളിയിൽ വച്ച് മാർ പക്കോമിയോസ് തിരുമേനിയുടെ തന്നെ കൈകളാൽ മ്ശംശോനോയായും 1985 ആഗസ്റ്റ് 29-നു കശ്ശീശയായും ഉയർത്തപ്പെട്ടു. അച്ചന്റെ ചെറുപ്പകാലം മുതൽ തന്നെ യൂലിയോസ് എന്ന പ്രസ് പാമ്പാക്കുടയിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആരാധനാ പുസ്തകങ്ങൾ അച്ചടിച്ചുകൊണ്ടിരുന്ന ഈ പ്രസ്സ് അച്ചന്റെ പിതാവ് അബ്രഹാം മല്പാനാണ് നടത്തിക്കൊണ്ടിരുന്നത്. അവിടുത്തെ സുറിയാനി അക്ഷരങ്ങൾ കാണുമ്പോഴൊക്കെ അത് വായിക്കാനും അതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ശ്രമിക്കുമായിരുന്നു. ആ ആഗ്രഹമാണ് അച്ചനെ സുറിയാനി പഠനത്തിന് പ്രേരിപ്പിച്ചത്.

സുറിയാനി ഭാഷയിൽ നിന്നും തർജ്ജമകളും അച്ചൻ നടത്തിയിട്ടുണ്ട്. മർത്തശ്മൂനിയുടെയും ഏഴ് മക്കളുടേയും ഓർമ്മയുടെ പെങ്കീസാ നമസ്കാരം, മാർ അപ്രേം, മാർ തേവോദോറോസ് പിതാക്കന്മാരുടെ ഓർമ്മ ദിവസത്തിലെ പെങ്കീസാ നമസ്കാരം എന്നിവ രണ്ടും അച്ചൻ സുറിയാനിയിൽ നിന്ന് മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്ത ആരാധനഗ്രന്ഥങ്ങളാണ്. പ്രഗത്ഭരുടെ സഹായത്തോടെ ചില ആരാധനാ ഗാനങ്ങളും അച്ചൻ രചിച്ചിട്ടുണ്ട്. കൂടാതെ ഇതുവരെയും ആരും എഡിറ്റ് ചെയ്യാതിരുന്ന രണ്ടു സുപ്രധാന പുസ്തകങ്ങൾ സുറിയാനി ഭാഷ ചേർത്ത് എഡിറ്റ് ചെയ്യാൻ സാധിച്ചത് അച്ചന്റെ അക്കാദമിക ജീവി

തത്തിലെ നാഴികക്കല്ലാണ്. പട്ടംകൊട ക്രമവും പള്ളി കൂദാശയുമാണ് അവ. രണ്ടു ക്രമങ്ങളും സുറിയാനിയും മലയാളവും ചേർത്ത് തയ്യാറാക്കിയത് അച്ചനാണ്.

സുറിയാനി പിതാക്കന്മാരുടെ കാഴ്ചപ്പാടുകൾ അധിഷ്ഠിതമാക്കി വിശുദ്ധ കുർബാനയുടെയും വിശുദ്ധ മാമോദീസായുടെയും അച്ചൻ എഴുതിയ വ്യാഖ്യാനങ്ങൾ പഠിതാക്കൾക്ക് എന്നും വലിയ മുതൽക്കൂട്ടാണ്. ബർസ്ലീബി, മോശെ ബർക്കീഫാ എന്നീ പിതാക്കന്മാർ വിശുദ്ധ കുർബാനയ്ക്കും മാമോദീസായ്ക്കും കൊടുത്തിരിക്കുന്ന ഓരോ സിംബൽസിന്റെയും അർത്ഥം വിവരിച്ചുകൊണ്ട് വളരെ ആഴമായ പഠനങ്ങൾ ആണ് അവ എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കിഴക്കൻസഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന 'നേർവഴിയിൽ' എന്ന ഒരു പുസ്തകം ദിവ്യബോധനം പരമ്പരയിൽ എഴുതി. സഭാപിതാക്കന്മാരുടെ ജീവിതവും ദർശനങ്ങളും എന്ന ഒരു സീരീസ് സെമിനാരിയിൽ നിന്നും പ്രസിദ്ധീകരിച്ചു. മുഴുവൻ പൂർത്തീകരിക്കാൻ സാധിച്ചില്ലെങ്കിലും ഭൂരിഭാഗവും പ്രസിദ്ധീകൃതമായി. അതിൽ സ്രൂഗിലെ മാർ യാക്കോബ് എന്നു പറയുന്ന ഒരു പുസ്തകം അദ്ദേഹത്തിന്റെ ചിന്തകളും വേദശാസ്ത്രവും ഉൾക്കൊള്ളുന്ന, അദ്ദേഹത്തിന്റെ ഒരു മെമ്രാ അല്ലെങ്കിൽ ഒരു പദ്യപ്രസംഗം, പദ്യരൂപത്തിലുള്ള പ്രസംഗം മെട്രിക്കൽ ഹോംലിസ് തർജ്ജിമ ചെയ്തുകൊടുത്തിട്ടുണ്ട്. ധാരാളം ലേഖനങ്ങൾ രചിച്ചതിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ നിന്ന് തെരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരമാണ് *ഓർത്തഡോക്സിയുടെ വഴിത്താരയിൽ* എന്ന ഗ്രന്ഥം. മലങ്കര മല്പാൻ കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പാ വ്യക്തിയും കാലവും, നാല് സുവിശേഷങ്ങളുടെ വ്യാഖ്യാനം, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ മെത്രാഭിഷേക സിൽവർ ജൂബിലിയോട് അനുബന്ധിച്ച് കണ്ടനാട് ഭദ്രാസനത്തിൽ നിന്നും പ്രസിദ്ധീകരിച്ച ഗ്രന്ഥം എന്നിവയുടെ എഡിറ്റർ ആണ്.

1985-ൽ ആണ് കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ അധ്യാപകനായിട്ട് പ്രവർത്തനം ആരംഭിക്കുന്നത്. ആഴ്ചയിൽ രണ്ടു ദിവസം മാത്രം ക്ലാസ് എടുത്തുകൊണ്ട് പാർട്ട് ടൈം (ഭാഗിക സമയം) അധ്യാപകനായിട്ടാണ് തുടക്കം. സൈക്കോളജി പഠിച്ചിരുന്നതുകൊണ്ട് സെമിനാരിയിൽ സൈക്കോളജി കോഴ്സ് പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തം അക്കാലത്ത് അച്ചനിൽ നിക്ഷിപ്തമായിരുന്നു. സഭാചരിത്രത്തെ സംബന്ധിച്ചുള്ള ഒന്നുരണ്ടു ക്ലാസ്സുകൾ, പ്രത്യേകിച്ച് കിഴക്കൻ സഭകളുടെ ചരിത്രം പഠിപ്പിക്കുവാനുള്ള ഉത്തരവാദിത്തവും അച്ചനായിരുന്നു. പിന്നീട് പത്തുപതിനഞ്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ, മൂന്ന്





ദിവസങ്ങളിൽ ക്ലാസ്സുകൾ എടുത്തു തുടങ്ങി. 2019 മുതൽ 2021 വരെ രണ്ടര വർഷക്കാലം ഓർത്തഡോകസ് സെമിനാരി പ്രിൻസിപ്പാളായി നിയമിക്കപ്പെട്ടു. 2021-ൽ പരിശുദ്ധ ബസേലിയോസ് മാത്യൂസ് തൃതീയൻ ബാവാ, കാതോലിക്കായായി സ്ഥാനമേറ്റപ്പോൾ തിരുമേനിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമനം ലഭിച്ചപ്പോൾ സെമിനാരിയിൽ നിന്ന് വോളണ്ടറി റിട്ടയർമെന്റ് എടുത്തു. കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകനായും കത്തോലിക്കാ-മലങ്കര ഓർത്തഡോക്സ് സംഭാഷണ സമിതി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

2007-ൽ മലങ്കരസഭയുടെ വൈദിക ട്രസ്റ്റിയായി അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. വടക്കൻ പ്രദേശത്തെ സഭാവഴക്കുകൾ രൂക്ഷമായിരുന്ന സമയത്താണ് അച്ചൻ ആ സ്ഥാനത്തേക്ക് കടന്നുവരുന്നത്. പിന്നീട് അഞ്ചു വർഷത്തെ ചുമതല പൂർത്തിയാക്കി 2012-ൽ വീണ്ടും ആ സ്ഥാനത്തേക്ക് അച്ചൻ തിരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ തുടർച്ചയായി 2007 മുതൽ 2017 വരെയുള്ള പത്ത് വർഷക്കാലം മലങ്കരസഭയുടെ വൈദിക ട്രസ്റ്റിസ്ഥാനം സ്തുത്യർഹമായി അച്ചൻ വഹിച്ചു. 2024 ഏപ്രിൽ മാസം 30-ാം തീയതി ചൊവ്വാഴ്ച പാമ്പാക്കുട വലിയപള്ളിയിൽ വച്ച് പ. കാതോലിക്കാ ബാവാ ആർച്ച് കോറെപ്പിസ്കോപ്പാ അഥവാ റീശ് കോറെപ്പിസ്കോപ്പാ സ്ഥാനവും മലങ്കര മല്പാൻ സ്ഥാനവും ജോൺസ് അച്ചന് നൽകി അദ്ദേഹത്തെ സഭയുടെ പേരിൽ ആദരിച്ചു.

പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറി, മലങ്കര മല്പാൻ, സഭയുടെ ആരാധനക്രമങ്ങൾ പരിശോധിക്കുകയും വേണ്ടുന്ന ക്രമങ്ങൾ രൂപപ്പെടുത്തുക തുടങ്ങി സഭാ മണ്ഡലത്തിൽ ചെറുതും വലുതുമായ ഉത്തരവാദിത്തങ്ങൾ ശിരസ്സാവഹിച്ച് കോനാട്ട് ഡോ. ജോൺസ് ഏബ്രഹാം റീശ് കോറെപ്പിസ്കോപ്പാ, മലങ്കരയുടെ ഈ നൂറ്റാണ്ടിലെ മല്പാനച്ചനായി വിളങ്ങി നിൽക്കുന്നു. സപ്തതിയുടെ നിറവിലെത്തിയ മലങ്കരയുടെ മല്പാനച്ചന് തുടർന്നുള്ള സഭാ ജീവിതത്തിൽ ഇനിയും പ്രവർത്തന നിരതനാകുവാൻ, പ്രശോഭിക്കുവാൻ സർവ്വശക്തൻ പ്രസാദിക്കട്ടെ. എല്ലാവിധമായ സപ്തതി മംഗളങ്ങളും നേരുന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



കന്യക മറിയാം കുടുംബ പശ്ചാത്തലത്തിൽ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ദൈവമാതാവായ വിശുദ്ധ കന്യക മറിയം ക്രൈസ്തവ വിശ്വാസത്തിൽ ഏറ്റവും മഹത്വവും ബഹുമാനവും ലഭിച്ച വ്യക്തികളിൽ ഒരാളാണ്. അവളുടെ ജീവിതം ദൈവാനുഗ്രഹത്താൽ നിറഞ്ഞതും, മനുഷ്യർക്കെല്ലാം ആത്മീയ പ്രചോദനമായതുമാണ്. ലളിതവും വിനയപൂർണ്ണവുമായ ഒരു കുടുംബത്തിൽ ജനിച്ച് വളർന്ന മറിയം, ബാല്യത്തിൽ തന്നെ ദൈവത്തോടുള്ള ആഴമുള്ള വിശ്വാസവും അനുസരണയും പുലർത്തിയിരുന്നു.

മറിയത്തിന്റെ കുടുംബ പശ്ചാത്തലം ദൈവഭക്തിയുടെയും നീതിയുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ടതായിരുന്നു. അവളുടെ മാതാപിതാക്കൾ ദൈവത്തെ ഭയക്കുന്നവരും സത്യനിഷ്ഠരുമായി ജീവിച്ചവരുമായിരുന്നു എന്ന വിശ്വാസം ക്രൈസ്തവ പാരമ്പര്യത്തിൽ കാണപ്പെടുന്നു. ഈ ആത്മീയ അന്തരീക്ഷം മറിയത്തിന്റെ സ്വഭാവത്തെ വളർത്തുകയും, ദൈവ ഇഷ്ടത്തിന് വിധേയമായി ജീവിക്കാൻ അവളെ തയ്യാറാക്കുകയും ചെയ്തു.

മനുഷ്യരിൽ നിന്ന് വ്യത്യസ്തമായൊരു മഹത്തായ ദൗത്യത്തിനായി ദൈവം മറിയത്തെ തിരഞ്ഞെടുത്തത് അവളുടെ വിശുദ്ധിയെയും വിനയത്തെയും വ്യക്തമാക്കുന്നു. ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാനുള്ള ദൈവിക വിളി സ്വീകരിച്ചപ്പോൾ, മറിയം ഭയപ്പെടാതെ പൂർണ്ണ വിശ്വാസത്തോടെയും പൂർണ്ണ സമർപ്പണത്തോടെയും “അതെ” എന്നു പറഞ്ഞത് അവളുടെ മഹത്വത്തിന്റെ അടയാളമാണ്.

അതുകൊണ്ട്, മറിയത്തിന്റെ ജീവിതവും കുടുംബ പശ്ചാത്തലവും നമ്മെ പഠിപ്പിക്കുന്നത് ദൈവവിശ്വാസം, വിനയം, അനുസരണം എന്നീ ഗുണങ്ങൾ ഏതൊരു സാധാരണ മനുഷ്യനെയും ദൈവത്തിന്റെ മഹത്തായ പദ്ധതിയിലെ പ്രധാന ഭാഗമാക്കാൻ കഴിയുമെന്ന സത്യമാണ്. ഇന്നും അവളുടെ ജീവിതം എല്ലാ വിശ്വാസികൾക്കും ആത്മീയ ശക്തിയും പ്രചോദനവും നൽകുന്ന ഒരു ദീപസ്തംഭമായി നിലകൊള്ളുന്നു.



1. മാതാപിതാക്കൾ

ദൈവമാതാവായ വിശുദ്ധ കന്യക മറിയാം അമ്മയുടെ മാതാപിതാക്കളായി ക്രൈസ്തവ പാരമ്പര്യത്തിൽ പരാമർശിക്കപ്പെടുന്നത് വിശുദ്ധ യോയാക്കീമും വിശുദ്ധ ഹന്നയുമാണ്. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ ബൈബിളിൽ വിശദമായി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ക്രൈസ്തവ പാരമ്പര്യഗ്രന്ഥങ്ങളും വിശ്വാസപരമായ പാരമ്പര്യങ്ങളും അവരുടെ വിശുദ്ധിയും ജീവിതശൈലിയും വ്യക്തമാക്കുന്നു.

വിശുദ്ധ യൂയാക്കീമും വിശുദ്ധ ഹന്നയും ദൈവത്തെ അതിയായ ഭക്തിയോടെ ആരാധിച്ചവരായിരുന്നു. അവർ നീതിയുടെയും സത്യത്തിന്റെയും വഴിയിൽ ജീവിക്കാൻ ശ്രമിച്ചവരായി അറിയപ്പെടുന്നു. അവരുടെ ജീവിതത്തിൽ പ്രാർത്ഥനയ്ക്കും ദൈവാനുസരണത്തിനും പ്രധാന സ്ഥാനം ഉണ്ടായിരുന്നു. എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന്റെ ഇഷ്ടം അംഗീകരിച്ച് ജീവിക്കുക എന്നത് അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം ആയിരുന്നു.

ഇവർക്കു ദീർഘകാലം സന്താന സൗഭാഗ്യം ഇല്ലായിരുന്നുവെന്ന് പാരമ്പര്യം പറയുന്നു. എന്നാൽ ഈ സാഹചര്യത്തിൽ പോലും അവർ വിശ്വാസം കൈവിടാതെ ദൈവത്തോട് നിരന്തരമായി പ്രാർത്ഥിച്ചു. അവരുടെ ക്ഷമയും ദൈവവിശ്വാസവും ഒടുവിൽ അനുഗ്രഹമായി മാറി, ദൈവത്തിന്റെ പ്രത്യേക കൃപയാൽ മറിയം അവരുടെ ജീവിതത്തിൽ ജനിച്ചു എന്ന് വിശ്വസിക്കുന്നു.

മറിയത്തിന്റെ മാതാപിതാക്കളായ ഇവരുടെ ജീവിതം, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച വിശ്വാസത്തിന്റെ ഉദാഹരണമാണ്. അവരുടെ ഭക്തിയും നീതിയും മറിയത്തിന്റെ ജീവിതത്തിലും സ്വഭാവത്തിലും ആഴത്തിൽ സ്വാധീനം ചെലുത്തി. അതിനാൽ, മറിയത്തിന്റെ മഹത്വത്തിന്റെ അടിത്തറയായി അവളുടെ മാതാപിതാക്കളുടെ ആത്മീയ ജീവിതം നിലകൊള്ളുന്നു എന്ന് പറയാം.

2. ലളിതമായ കുടുംബജീവിതം

ദൈവമാതാവായ വിശുദ്ധ കന്യക മറിയം സമ്പന്നതയിലും ആഡംബരത്തിലും വളർന്ന ഒരാളല്ല. മറിച്ച്, അവൾ ഒരു സാധാരണ യഹൂദ കുടുംബത്തിൽ ജനിച്ച് ലളിതവും ശാന്തവുമായ ജീവിതം നയിച്ചവളാണ്. അന്നത്തെ സമൂഹത്തിൽ സാധാരണ ജനങ്ങൾ എങ്ങനെ ജീവിച്ചിരുന്നുവോ അതുപോലെ തന്നെയായിരുന്നു മറിയാമിന്റെ കുടുംബജീവിതവും. സാമ്പത്തികമായി സമൃദ്ധിയില്ലെങ്കിലും ആത്മീയമായി സമ്പന്നമായിരുന്നു അവളുടെ കുടുംബം.

മറിയത്തിന്റെ ബാല്യകാലം ലാളിത്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും അന്തരീക്ഷത്തിലാണ് കടന്നുപോയത്. കുടുംബത്തിലെ ദൈനംദിന പ്രവർത്തനങ്ങളിൽ പങ്കാളിയായും, മാതാപിതാക്കളുടെ നിർദ്ദേശങ്ങൾ അനുസരിച്ചും, വിനയത്തോടെ ജീവിക്കാൻ അവൾ പഠിച്ചു. ഈ ലളിതമായ ജീവിതശൈലി അവളിൽ അഹങ്കാരമില്ലാത്ത മനോഭാവവും വിനയപൂർണ്ണമായ സ്വഭാവവും വളർത്തി.

ലോകത്തിലെ ആഡംബരങ്ങൾക്കും സമ്പത്തിനും പ്രാധാന്യം നൽകാത്ത ഈ ജീവിതം, മറിയത്തെ ദൈവത്തിൽ കൂടുതൽ ആശ്രയിക്കുന്നവളാക്കി മാറ്റി. അവളുടെ ഹൃദയം ഭൗതിക കാര്യങ്ങളിൽ പതിഞ്ഞിരുന്നില്ല; മറിച്ച് ദൈവത്തിനോടുള്ള വിശ്വാസവും സമർപ്പണവുമായിരുന്നു അവളുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദു.

ഇത്തരം ഒരു ലളിതമായ കുടുംബജീവിതം തന്നെയാണ് മറിയാമിനെ ദൈവത്തിന്റെ മഹത്തായ പദ്ധതിക്ക് അനുയോജ്യമായ വ്യക്തിയായി രൂപപ്പെടുത്തിയത്. ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവായി തിരഞ്ഞെടുക്കപ്പെടാൻ അവളെ തയ്യാറാക്കിയതും ഈ വിനയപൂർണ്ണവും ലളിതവുമായ ജീവിതാനുഭവങ്ങളാണ്.

അതിനാൽ, മറിയാമിന്റെ ലളിതമായ കുടുംബജീവിതം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിലെ യഥാർത്ഥ മഹത്വം സമ്പത്തിന്റെയോ അധികാരത്തിന്റെയോ അടിസ്ഥാനത്തിൽ അല്ല, മറിച്ച് വിനയത്തിലും ദൈവവിശ്വാസത്തിലും ആണെന്ന സത്യമാണ്.

3. ദൈവവിശ്വാസം നിറഞ്ഞ അന്തരീക്ഷം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ കുടുംബത്തിൽ ദൈവവിശ്വാസം നിറഞ്ഞ ഒരു ആത്മീയ അന്തരീക്ഷമായിരുന്നു. ദൈവത്തെ ഭയത്തോടെയും സ്നേഹത്തോടെയും ആരാധിക്കുന്ന ഒരു കുടുംബത്തിലായിരുന്നു അവളുടെ ബാല്യകാലം. ഈ ആത്മീയ അന്തരീക്ഷം മറിയാമിന്റെ ജീവിതത്തിന്റെ അടിത്തറയായി മാറി.

മറിയാമിന്റെ മാതാപിതാക്കൾ ദൈവഭക്തിയുള്ളവരായതിനാൽ, വീട്ടിൽ പ്രാർത്ഥനക്കും ദൈവാരാധനക്കും വലിയ പ്രാധാന്യമുണ്ടായിരുന്നു. ദിവസേന ദൈവത്തോട് സംസാരിക്കുകയും അവന്റെ ഇഷ്ടം തേടുകയും ചെയ്യുന്നത് അവരുടെ ജീവിതശൈലിയിലെ ഒരു പ്രധാന ഭാഗമായിരുന്നു. ഇത്തരത്തിലുള്ള ആത്മീയ ശീലങ്ങൾ മറിയാമിനെയും ചെറുപ്പം മുതൽ ദൈവത്തിലേക്ക് അടുപ്പിച്ചു.

കുടുംബത്തിലെ ഈ ദൈവവിശ്വാസം നിറഞ്ഞ അന്തരീക്ഷം മറിയാമിന്റെ ഹൃദയത്തിൽ ദൈവത്തോടുള്ള അനുരാഗവും വിശ്വാസവും വളർത്തി. അവൾ എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ ഇഷ്ടം തേടുന്നവളായി വളർന്നു. ജീവിതത്തിലെ ചെറിയ കാര്യങ്ങളിൽ പോലും ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയാൻ അവൾ പഠിച്ചു.

ഈ ആത്മീയ പരിശീലനവും ദൈവസാന്നിധ്യബോധവും മറിയാമിനെ ദൈവത്തിനായി സമർപ്പിതമായ ജീവിതത്തിലേക്ക് നയിച്ചു. പിന്നീട് ദൈവത്തിന്റെ വിളി വന്നപ്പോൾ, ഭയമോ സംശയമോ കൂടാതെ അതിനെ സ്വീകരിക്കാൻ അവൾക്ക് കഴിഞ്ഞത് ഈ ആത്മീയ അന്തരീക്ഷത്തിന്റെ ഫലമായിരുന്നു.

ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാൻ ദൈവം അവളെ തിരഞ്ഞെടുത്തപ്പോൾ, അവൾ പൂർണ്ണ വിശ്വാസത്തോടെയും പൂർണ്ണ സമർപ്പണത്തോടെയും ദൈവത്തിന്റെ പദ്ധതിക്ക് “അതെ” എന്നു പറയാൻ സന്നദ്ധയായി.

അതുകൊണ്ട്, മറിയത്തിന്റെ കുടുംബത്തിലെ ദൈവവിശ്വാസം നിറഞ്ഞ അന്തരീക്ഷം അവളുടെ ജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും, അവളെ വിശുദ്ധിയും സമർപ്പണവും നിറഞ്ഞ് മാതൃകയായ ഒരു വ്യക്തിയായി രൂപപ്പെടുത്തുകയും ചെയ്തു. ഒരു കുടുംബത്തിലെ ആത്മീയ അന്തരീക്ഷം കുട്ടികളുടെ ജീവിതത്തെയും ഭാവിയെയും എത്രത്തോളം സ്വാധീനിക്കാമെന്നതാണ് ഇന്നും ഈ സത്യങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

4. വിവാഹവും കുടുംബവും

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ജീവിതത്തിൽ വിവാഹവും കുടുംബജീവിതവും വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. മറിയം യോസേഫിനെയാണ് വിവാഹം ചെയ്തത്. യഹൂദ പാരമ്പര്യപ്രകാരം, അവരുടെ വിവാഹം ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമായിട്ടാണ് കാണപ്പെടുന്നത്.

യോസേഫ് ഒരു സാധാരണ തച്ചനായിരുന്നു (carpenter). സാമ്പത്തികമായി വലിയ ശേഷി ഇല്ലായിരുന്നെങ്കിലും, യോസേഫ് ദൈവത്തിൽ ഉറച്ച വിശ്വാസവും നീതിയുള്ള ജീവിതവും നയിച്ച വ്യക്തിയായിരുന്നു. ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കി അതനുസരിച്ച് ജീവിക്കാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു.

മറിയാമും യോസേഫും തമ്മിലുള്ള ബന്ധം പരസ്പര ബഹുമാനത്തിലും വിശ്വാസത്തിലും സ്നേഹത്തിലും അടിയുറച്ചതായിരുന്നു. അവരുടെ കുടുംബജീവിതം ആഡംബരങ്ങളില്ലാത്തതും ലളിതവുമായിരുന്നുവെങ്കിലും, ആത്മീയമായി സമ്പന്നമായിരുന്നു. കുടുംബത്തിലെ എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ സാന്നിധ്യം അവർ അനുഭവിക്കുകയും അവന്റെ മാർഗ്ഗനിർദ്ദേശം തേടുകയും ചെയ്തു.

ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുയെ വളർത്തിയെടുക്കാനുള്ള ഉത്തരവാദിത്വം ഇവർക്കു നൽകിയപ്പോൾ, അവർ അതിനെ വലിയ വിശ്വാസത്തോടെയും ഉത്തരവാദിത്വബോധത്തോടെയും ഏറ്റെടുത്തു. അനേകം വെല്ലുവിളികളും പരീക്ഷണങ്ങളും നേരിടേണ്ടി വന്നിട്ടും, അവർ ദൈവത്തിൽ ആശ്രയിച്ച് മുന്നോട്ട് പോയി.

ഈ കുടുംബജീവിതം നമ്മെ പഠിപ്പിക്കുന്നത്, ഒരു കുടുംബത്തിന്റെ ശക്തി സമ്പത്തിൽ അല്ല, മറിച്ച് സ്നേഹത്തിലും വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും ആണെന്നതാണ്. മറിയാമിന്റെയും യോസേഫിന്റെയും കുടുംബം ഇന്നും വിശ്വാസികളായ എല്ലാവർക്കും ഒരു മാതൃകയായി നിലകൊള്ളുന്നു.

5. ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പ്

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ സംഭവമാണ് ദൈവത്തിന്റെ പ്രത്യേക തിരഞ്ഞെടുപ്പ്. മനുഷ്യരുടെ രക്ഷയ്ക്കായി ദൈവം ഒരുക്കിയ മഹത്തായ പദ്ധതിയിൽ, ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാൻ മറിയാമിനെ തിരഞ്ഞെടുത്തത് അവളുടെ വിശുദ്ധിയെയും വിനയത്തെയും തെളിയിക്കുന്നു.

ഈ ദൈവിക തിരഞ്ഞെടുപ്പ് യാദൃശ്ചികമല്ലായിരുന്നു; മറിച്ച് ദൈവത്തിന്റെ ജ്ഞാനപൂർണ്ണമായ പദ്ധതിയുടെ ഭാഗമായിരുന്നു. മറിയാമിന്റെ ഹൃദയം ദൈവത്തിനു വേണ്ടി തുറന്നതും, അവളുടെ ജീവിതം ദൈവവിശ്വാസത്തിലും സമർപ്പണത്തിലും ഉറച്ചതുമായിരുന്നു. അതുകൊണ്ടാണ് ദൈവം അവളെ ഈ മഹത്തായ ദൗത്യത്തിന് യോഗ്യയാക്കിയത്.

മാലാഖയുടെ സന്ദേശം ലഭിച്ചപ്പോൾ, മറിയാം ഭയപ്പെടാതെ ദൈവത്തിന്റെ ഇഷ്ടം സ്വീകരിച്ചു. അവൾ പൂർണ്ണ വിനയത്തോടെയും പൂർണ്ണ വിശ്വാസത്തോടെയും ദൈവത്തിന്റെ പദ്ധതിക്ക് “അതെ” എന്ന് പറഞ്ഞത് അവളുടെ ആത്മീയ മഹത്വത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. ഈ അനുസരണവും സമർപ്പണവുമാണ് അവളെ എല്ലാ വിശ്വാസികൾക്കും ഒരു മാതൃകയാക്കി മാറ്റിയത്.

മറിയാമിന്റെ ഈ തിരഞ്ഞെടുപ്പ് നമ്മെ പഠിപ്പിക്കുന്നത്, ദൈവം മഹത്തായ കാര്യങ്ങൾ ചെയ്യാൻ തിരഞ്ഞെടുക്കുന്നത് വലിയവരെയോ ശക്തരെയോ മാത്രമല്ല, മറിച്ച് വിനയത്തോടെയും വിശ്വാസത്തോടെയും അവനിൽ ആശ്രയിക്കുന്നവരെയാണ് എന്നതാണ്. ഒരു സാധാരണ യുവതിയായിരുന്ന മറിയം, ദൈവത്തിന്റെ കൃപയാൽ ലോകചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളിൽ ഒരാളായി മാറി.

അതിനാൽ, മറിയാമിന്റെ ദൈവിക തിരഞ്ഞെടുപ്പ് വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും മഹത്വം നമ്മെ ഓർമ്മപ്പെടുത്തുന്നു. അവളുടെ ജീവിതം ഇന്നും ഓരോ മനുഷ്യനെയും ദൈവത്തിൽ കൂടുതൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഒരു ദീപസ്തംഭമായി നിലകൊള്ളുന്നു.

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ കുടുംബ പശ്ചാത്തലം വളരെ ലളിതവും ദൈവവിശ്വാസം നിറഞ്ഞതുമായിരുന്നുവെന്നത് അവളുടെ ജീവിതം മുഴുവൻ തെളിയിക്കുന്നു. സമ്പത്തോ സാമൂഹിക സ്ഥാനമോ അല്ല, മറിച്ച് ദൈവഭക്തിയും വിനയവും ആയിരുന്നു അവളുടെ കുടുംബത്തിന്റെ യഥാർത്ഥ സമ്പത്ത്. ഈ ആത്മീയ അടിത്തറയാണ് മറിയാമിനെ ദൈവത്തിന്റെ മഹത്തായ പദ്ധതിക്ക് തയ്യാറാക്കിയത്.

മറിയാമിന്റെ മാതാപിതാക്കളുടെ ഭക്തിയും നീതിയുള്ള ജീവിതവും അവളുടെ സ്വഭാവത്തെ ആഴത്തിൽ സ്വാധീനിച്ചു. കുടുംബത്തിലെ പ്രാർത്ഥനാഭരിതമായ അന്തരീക്ഷവും ദൈവത്തിൽ ആശ്രയിച്ചുള്ള ജീവിതശൈലിയും മറിയാമിൽ ദൈവത്തോടുള്ള അടുപ്പവും അനുസരണവും വളർത്തി. ഈ ആത്മീയ വളർച്ചയാണ് അവളെ ഒരു സാധാരണ യുവതിയിൽ നിന്ന് ദൈവത്തിന്റെ മഹത്തായ ദൗത്യത്തിന് യോഗ്യയായ വ്യക്തിയായി മാറ്റിയത്.

ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാനുള്ള ദൈവവിളി ലഭിച്ചപ്പോൾ, മറിയാം അതിനെ പൂർണ്ണ വിശ്വാസത്തോടെയും പൂർണ്ണ വിനയത്തോടെയും സ്വീകരിച്ചു. അവളുടെ "അതെ" എന്ന മറുപടി മനുഷ്യരാശിയുടെ രക്ഷയുടെ ചരിത്രത്തിൽ നിർണായകമായ ഒരു ഘട്ടമായി മാറി.

അതുകൊണ്ട്, മറിയാമിന്റെ കുടുംബ പശ്ചാത്തലവും ജീവിതവും നമ്മെ പഠിപ്പിക്കുന്നത്, ഒരു മനുഷ്യന്റെ മഹത്വം അവന്റെ പുറമേയുള്ള സാഹചര്യങ്ങളിൽ അല്ല, മറിച്ച് ഹൃദയത്തിലെ വിശ്വാസത്തിലും വിനയത്തിലും ആണെന്നതാണ്. ലളിതമായ ജീവിതം നയിച്ചിട്ടും ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച മറിയാം ഇന്നും എല്ലാ വിശ്വാസികൾക്കും ഒരു മാതൃകയാണ്.

അവളുടെ ജീവിതം നമുക്ക് ദൈവത്തിൽ കൂടുതൽ വിശ്വാസം പുലർത്താനും, വിനയത്തോടെയും അനുസരണത്തോടെയും ജീവിക്കാനും പ്രചോദനം നൽകുന്നു. അതിനാൽ, വിശുദ്ധ കന്യക മറിയാമിന്റെ ജീവിതം കാലം കടന്നുപോയാലും മനുഷ്യഹൃദയങ്ങളിൽ പ്രകാശം വിതറുന്ന ഒരു ദീപസ്തംഭമായി എന്നും നിലനിൽക്കും.



ചന്ദനപ്പള്ളി വലിയപള്ളിയിൽ ഫിലോബിബ്ലിക്ക-ക്രൈസ്തവ പൈതൃക പ്രദർശനത്തിന്റെ ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ നിർവഹിച്ചു. ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഫാ. ഡോ. ഏബ്രഹാം കോശി കുന്നുംപുറത്താണ് സംയോജകൻ.



ചരിത്രം സാക്ഷി. ദേവലോകം കാതോലിക്കേറ്റ് അരമനയിൽ സൂക്ഷിച്ചിരിക്കുന്ന രാജാ രവിവർമ്മയുടെ മാന്ത്രിക വിരലുകൾ പതിഞ്ഞ അമൂല്യ ചിത്രം തിരുവിതാംകൂർ രാജകുടുംബത്തിലെ അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായ് തമ്പുരാട്ടി സന്ദർശിച്ചപ്പോൾ. സഭാ തേജസ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായെ റോയൽ കോടതി വിധി വായിച്ച് കേൾപ്പിക്കുന്നതാണ് പശ്ചാത്തലം.



ഓർഡർ ഓഫ് സെന്റ് ജോർജ് പുരസ്കാരം ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിന്

പന്തളം: അറത്തിൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് മഹാ ഇടവകയുടെ ഓർഡർ ഓഫ് സെന്റ് ജോർജ് പുരസ്കാരം കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പലും സെറാംപൂർ സർവ്വകലാശാല സെനറ്റ് അംഗവുമായ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിലിന് സമ്മാനിച്ചു.

മാധ്യമം, സാഹിത്യം, ഡോക്യുമെന്ററി എന്നീ മേഖലകളിൽ നല്കിയ സമഗ്ര സംഭാവന പരിഗണിച്ചാണ് അവാർഡ്. അറത്തിൽ മഹാ ഇടവക പെരുന്നാളിനോട് അനുബന്ധിച്ച് മെയ് 07-നു 25000 രൂപയും പ്രശസ്തി പത്രവും മഹാത്മാ ഗാന്ധി സർവ്വകലാശാല മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് സമർപ്പിച്ചു. ഡോ. ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു.

മലങ്കരസഭാ മാസിക, ബഥേൽ പത്രിക എന്നിവയുടെ ചീഫ് എഡിറ്ററായിരുന്നു. ഇപ്പോൾ ദൂതൻ മാസിക, കേരളത്തിലെ വേദശാസ്ത്ര സാഹിത്യ സമിതി പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ചീഫ് എഡിറ്ററും ബൈബിൾ സൊസൈറ്റിയുടെ വചന വാർത്തയുടെ പത്രാധിപ സമിതി അംഗവുമാണ്. സെറാമ്പൂർ സർവ്വകലാശാല കമ്മ്യൂണിക്കേഷൻ വിഭാഗം അക്കാദമിക് കൗൺസിൽ അംഗവും കേരളത്തിലെ വേദശാസ്ത്രപഠനത്തിന്റെ സംയുക്ത കേന്ദ്രമായ FFRRC യുടെ കോ-ചെയർപേഴ്സൺ, മാവേലിക്കര ഭദ്രാസന തെയോബോധനം പഠന പദ്ധതി ഡയറക്ടർ, മലങ്കര ഓർത്തഡോക്സ് സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് കമ്മറ്റി അംഗം, ബൈബിൾ സൊസൈറ്റി കേരളാ ഓക്സിലറി കമ്മറ്റി അംഗം, നാഗ്പൂർ സെമിനാരി ഗവേണിംഗ് ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിക്കുന്നു.

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ 1995 മുതൽ കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ അധ്യാപകനും പ്രായോഗിക പരിശീലന പദ്ധതിയുടെ കാര്യദർശിയും, FFRRC യുടെ ഡോക്ടറൽ സ്റ്റഡീസ് ഡീനുമായിരുന്നു.

സൗത്ത് കൊറിയയിൽ 2013-ൽ നടന്ന WCC യുടെ 10-ാമത് അസംബ്ലിയിൽ സഭയെ പ്രതിനിധീകരിച്ചു. CCA, NCC, KCC, ബൈബിൾ സൊസൈറ്റി, ദൈവശാസ്ത്ര സാഹിത്യ സമിതി എന്നീ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിൽ സഭയുടെ ഔദ്യോഗിക പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്.

ചെങ്ങന്നൂർ ഭദ്രാസനത്തിലെ പന്തളം അറത്തിൽ സെന്റ് ജോർജ്ജ് മഹായിടവകാംഗം. മാവേലിക്കര ഭദ്രാസനത്തില് വെട്ടിയാർ താന്നിക്കുന്ന് സെന്റ് മേരീസ് പള്ളി വികാരിയാണ്.

കോട്ടയം സി.എസ്.ഐ. ലോ കോളേജ് വൈസ് പ്രിൻസിപ്പൽ അഡ്വ. ഡോ. ജെയ്സി കരിങ്ങാട്ടിൽ സഹധർമ്മിണി. മക്കൾ: ബോധിഷ്, ബോധിഷ. മരുമകൾ: പ്രിൻസി.



മഹാത്മാഗാന്ധി സർവകലാശാല ഇംഗ്ലീഷ് സാഹിത്യത്തിൽ പിഎച്ച്.ഡി. നേടിയ സിൽജ റോയ്. കണ്ടനാട് വിശുദ്ധ മർത്തമറിയം ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗമാണ്.

വചനതീർത്ഥം

പുതു ഞായറാഴ്ചയ്ക്ക് ശേഷം നാലാം ഞായർ
(ലൂക്കോസ് 9:51-62)



ഫാ. പ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

കർത്താവിന്റെ മറുരൂപത്തിനുശേഷം ഭൂതോപദ്രവം നേരിട്ട ഒരു മകനെ സൗഖ്യമാക്കുവാൻ കഴിയാതിരുന്ന ശിഷ്യസമൂഹത്തിന്റെ ചിത്രം നാം കാണുന്നുണ്ട്. ശിഷ്യന്മാരുടെ അവിശ്വാസത്തെ കർത്താവ് ശാസിക്കുകയും, ശിഷ്യത്വം എന്താണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന വാക്കുകളും സംഭവങ്ങളും ഇതേ തുടർന്ന് നമുക്ക് കാണാം.

ഗലീലയിൽ നിന്ന് യെരുശലേമിലേക്ക് യാത്രയാകുമ്പോൾ അതിനിടയിലുള്ള ദേശമാണ് ശമര്യ. എന്നാൽ യഹൂദന്മാർക്ക് ശമര്യരോടുള്ള സ്പർദ്ധ കാരണം അവർ ആ വഴി ഒഴിവാക്കി ബദൽ വഴികൾ സ്വീകരിച്ചിരുന്നു. സാമൂഹ്യമായി ഒഴിവാക്കപ്പെട്ടിരുന്ന വഴി സ്വീകരിക്കുവാൻ ആണ് ശമര്യക്കാരുടെ ഗ്രാമത്തിലൂടെ കടന്നുപോകുവാൻ കർത്താവ് ആഗ്രഹിക്കുന്നത്. അതുവരെ മറ്റാരും ഏറ്റെടുക്കുവാൻ തയ്യാറാകാതിരുന്ന ഒരു ഒരു ദൗത്യനാണ് ശമര്യക്കാരുടെ ഗ്രാമത്തിലൂടെ പോകുവാൻ ആഗ്രഹിക്കുന്നത് വഴി കർത്താവ് തയ്യാറാക്കുന്നത്.

അങ്ങനെ മനസ്സ് വച്ച കർത്താവിനെ സ്വീകരിക്കുവാൻ ശമര്യക്കാർ തയ്യാറാകാതിരിക്കുമ്പോഴാണ് ആകാശത്തു നിന്ന് തീ ഇറക്കി അവരെ നശിപ്പിച്ചു കളയട്ടെ എന്ന് യാക്കോബും യോഹന്നാനും ചോദിക്കുന്നത്. വികലമായ ശിഷ്യത്വത്തിന്റെ അടയാളം എന്ന തലത്തിൽ കർത്താവ് അവരെ ശാസിക്കുകയാണ്. ഈ വേദഭാഗത്തിന്റെ അടുത്ത ഘട്ടവും ശിഷ്യത്വത്തിന്റെ മർമ്മങ്ങളെക്കുറിച്ച് തന്നെയുള്ളതാണ്. ശിഷ്യത്വത്തിൻറെ സാധ്യതകളാണ് ഈ ഞായറാഴ്ചയുടെ ധ്യാന വിഷയം.

തിരസ്കരണം ശിഷ്യത്വത്തിന്റെ ഭാഗം

തങ്ങൾ പ്രത്യേക പദവിയിൽ ഉള്ളവർ എന്ന ചിന്ത ക്രിസ്തു ശിഷ്യന്മാരിൽ പലപ്പോഴും ഉണ്ടായിരുന്നു. പല സന്ദർഭങ്ങളിലും ഇത്തരത്തിലുള്ള സ്വാർത്ഥവും ബാലിശവുമായ നിലപാടുകൾ അവർ സ്വീകരിച്ചിട്ടുണ്ട്. തങ്ങൾ എപ്പോഴും അംഗീകരിക്കപ്പെടണമെന്ന കടുംപിടുത്തങ്ങളും അവർക്കുണ്ടായിരുന്നു. വാസ്തവത്തിൽ കർത്താവ് എതിർക്കുന്നത് ശിഷ്യന്മാരുടെ ഇത്തരം നിലപാടുകളെയാണ്. തിരസ്കരണം എന്നത് ശിഷ്യത്വത്തിന് ഭാഗം തന്നെയെന്ന് കർത്താവ് ഈ വേദഭാഗത്തിൽ അടിവരയിടുകയാണ്. തിരസ്കരണത്തെ പ്രതികാരചിന്ത കൊണ്ട് നേരിടുവാൻ നിങ്ങൾക്ക് എന്ത് അവകാശം എന്നാണ് ശിഷ്യന്മാരോട് കർത്താവിന്റെ മറുചോദ്യം. തിരസ്കരണവും സഹനവും നിന്ദയും സഹിക്കുവാൻ ഇറങ്ങിവന്ന ഗുരുവിൻറെ ശിഷ്യർ ആ പാതയിൽ നിന്നും വ്യതിചലിക്കുവാൻ പാടില്ല എന്ന ഗുരു ബോധം ഇവിടെ വ്യക്തമാണ്.

ഇന്നിൻറെ ശിഷ്യത്വത്തിലും തിരസ്കരണവും അപമാനവും നാം എങ്ങനെ നേരിടുന്നു എന്നതാണ് ധ്യാന വിഷയം. പകയുടെയും പ്രതികാരത്തിന്റെയും ആത്മാവിൽ സഭാ ജീവിതങ്ങളും ശുശ്രൂഷ ജീവിതങ്ങളും മാറുന്ന കാലഘട്ടത്തിൽ "നിങ്ങൾ ഏത് ആത്മാവിനാൽ ആണ് ഇത് സംസാരിക്കുന്നത്" എന്ന വാക്കിന് ഏറെ ശക്തിയുണ്ട്. ശിഷ്യനായിരിക്കുന്നു എന്ന വാക്കിന് നീ തിരസ്കരിക്കപ്പെട്ടേക്കാം എന്നൊരു അർത്ഥവുമുണ്ട്. തിരസ്കരിക്കപ്പെടുന്ന ഇടങ്ങളിൽ കടുംപിടുത്തങ്ങൾ ഇല്ലാതെ വഴി മാറി പോവുക എന്ന വിശാലഭാവം "അവൻ മറ്റൊരു ഗ്രാമത്തിലേക്ക് പോയി"(9.56) എന്ന് പരാമർശത്തിൽ നമുക്ക് കാണാം.

ശിഷ്യത്വത്തിന്റെ വില

ക്രിസ്തുവിന്റെ ശിഷ്യന്മാരാകുവാൻ ആഗ്രഹിച്ചുവരുന്ന മൂന്ന് വ്യത്യസ്തരായ ആളുകളുടെ ചിത്രമാണ് രണ്ടാം ഭാഗത്തു നാം കാണുന്നത്. ശിഷ്യൻ ആകുവാനുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടെങ്കിലും ഏറെ വിലമതിക്കുന്ന മറ്റ് ചിലതിനെയും അവർ ചേർത്തുവയ്ക്കുന്നവരാണ്. ശിഷ്യത്വത്തിൽ ഉണ്ടാവേണ്ട



മുൻഗണന ആണ് ഇവിടെയുള്ള പ്രതിപാദ്യം.

ശിഷ്യത്വം ജീവിതത്തെ പുനക്രമീകരിക്കുവാനുള്ള ഒരു നിയോഗമാണ്. യാതൊരു സുരക്ഷിതത്വവും അത് വാഗ്ദാനം ചെയ്യുന്നില്ല എന്ന് ഒന്നാമന് നൽകുന്ന മറുപടിയിൽ കർത്താവ് ഓർമ്മിപ്പിക്കുകയാണ്. മറ്റു ഉത്തരവാദിത്വങ്ങൾ ഒക്കെയും പൂർത്തീകരിച്ചിട്ട് ഏറ്റെടുക്കേണ്ട ഒന്നല്ല ശിഷ്യത്വമെന്നും രണ്ടാമനെ കർത്താവ് ഓർമിപ്പിക്കുന്നു. ഇന്നലെകളുമായി വൈകാരികമായി ബന്ധപ്പെട്ടുകൊണ്ട് ശിഷ്യത്വം മുൻപോട്ടു കൊണ്ടുപോകുവാൻ സാധിക്കില്ല എന്ന് മൂന്നാമനെയും ഓർമിപ്പിക്കുന്നു.

ശിഷ്യത്വത്തിന് നൽകേണ്ടി വരുന്ന ചില വിലകൾ ഉണ്ട്. വാസ്തവത്തിൽ എന്തിനാണ് ജീവിതത്തിൽ ഞാൻ പ്രാമുഖ്യം നൽകേണ്ടത് എന്ന ചോദ്യത്തിന്റെ ഉത്തരമാണത്. ചില നിമിഷങ്ങളിൽ മറ്റു പലതും കുറഞ്ഞുപോകുന്നു എന്ന തോന്നൽ ഉണ്ടായാലും അതിലും വിലയേറിയതാണ് ഞാൻ സ്വീകരിക്കുന്ന ക്രിസ്തു ശിഷ്യത്വം എന്ന് തിരിച്ചറിവാണ് ഒരുവനെ യഥാർത്ഥ ശിഷ്യൻ ആക്കുന്നത്.

❑




മാത്തൂർ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് വലിയപള്ളിയുടെ ശതോത്തര രജത ജൂബിലി സമ്മേളനം എബ്രഹാം മാർ സെറാഫിം ഉദ്ഘാടനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

The Son of Man did not come to destroy, but to save



Fourth Sunday after New Sunday
(St. Luke 9:51-62)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Lord Jesus and his disciples consider staying a night in Samaria while traveling to Jerusalem. Accordingly, He sends two of His disciples to Samaria to arrange facilities for Him to rest for the night. This was likely James and John. Because when the Samaritans showed reluctance to welcome Jesus and the disciples, James and John said to Lord Jesus: "Lord, do You want us to command fire to come down from heaven and consume them, just as Elijah did?"

But Lord Jesus rebukes them. He said, "You do not know what manner of spirit you are of. For the Son of Man did not come to destroy men's lives but to save them" (St. Luke 9:55-56).

After King Solomon, the kingdom of Israel was divided into two: the Northern Kingdom consisting of ten tribes and the Southern Kingdom consisting of the two tribes of Judah and Benjamin. Under the leadership of King Jeroboam, Israel, consisting of the ten tribes, made Samaria its capital city. Moreover, to prevent the people from going to Jerusalem where the Temple of Jerusalem was located, he prepared worship facilities in places called Dan and Bethel.

When Rehoboam, the son of Solomon, gathered warriors from the house of Judah and the house of Benjamin to fight against their brothers, the remaining ten tribes of Israel, God, the Lord, prevented them through Shemaiah, the man of God. However, Jeroboam thought that the kingship might return to the house of David if the people went to offer sacrifices at the Temple in Jerusalem and their hearts turned toward Rehoboam, the King of Judah. Therefore, for the worship convenience of the people, he made two golden calves and installed one in Bethel and the other in Dan. Thus, their travel to Jerusalem decreased.

Later, when the Assyrian kings conquered Israel, the Israelites intermarried with the Assyrians. Since this was against the law of the Lord (Deuteronomy 7:3-5), it became a reason for the Jews to hate the Samaritans. Additionally, when the Jews returned from the Babylonian exile and were rebuilding Jerusalem, the Samaritans troubled and mocked them (Nehemiah 4:2).

Over time, the Samaritans became a distinct religion; they accepted only the Pentateuch (the five books of Moses) as the law of God the Lord and did not accept the remaining books, including the prophetic books. Thus, a great enmity always existed between the Jews and the Samaritans. The Jews would not even travel through Samaria.

Reminds us of the necessity of forgiveness and endurance.

Lord Jesus knew very clearly about the friction between the Jews and the Samaritans. Even so, what was the purpose of Lord Jesus sending the disciples to Samaria? When they go to Samaria, the Samaritans will not accept or acknowledge the disciples, who are Jews. They will remember the stubbornness and animosity from the time of their ancestors. There will be an approach of mutual revenge from the side of the Samaritans. That experience changed the disciples to a state where they desired to destroy them completely.

However, Lord Jesus teaches them the primary lessons of forgiveness and endurance. Lord Jesus reminds them how to face problems with maturity. This is because, after the ascension of Lord Jesus, the disciples are to go as witnesses of Christ to various parts of the world and among various groups of gentiles. There, they will have to face similar opposition and persecutions. Through this single incident, Lord Jesus prepares the disciples to face all of that with courage.

In our personal lives, church lives, and social lives, situations like this may arise where we have to face such circumstances. Especially in a country like India, when we, as Christians who are a significant minority, interact with other communities with the teachings of Christ; love, endurance, and mercy, oppositions like those faced by the disciples may occur. We must be able to work as excellent witnesses of Christ without faltering there. For that, let us be able to become people of forgiving nature and the power of endurance like Christ.

No one who puts his hand to the plow and looks back is fit for the kingdom of God

During Jesus' journey, someone approached him and promised, "I will follow you wherever you go." Lord Jesus said to him, "Foxes have holes and birds of the air have nests, but the Son of Man has no place to lay his head." Later, when He said to another, "Follow me," he replied, "Let me first go and bury my father." Another said, "Lord, I will follow you, but first let me say goodbye to those at my home." Then Lord Jesus said to him, "No one who puts his hand to the plow and looks back is fit for the kingdom of God."

Here, although three people in different circumstances desire to follow Christ, they are unable to follow Him completely due to certain worldly obstacles. It is not enough to have the desire; a persistent effort is necessary to fulfill it in our lives. Christ teaches us that we should not be those who falter or become slaves to emotions when any adversities arise.

What Christ tells us here is not that we should not fulfil any of our responsibilities; there are certain responsibilities in family relationships, social relationships, and personal life. It does not mean to follow Christ by completely forgetting them. Importance should not be given to personal interests. "Seek first His kingdom and His righteousness." Just as the Lord's disciples set aside all their personal interests, dedicated their lives to Christ, and were ready to endure hardships and persecutions, let us also dedicate our talents, time, and everything we have received for Christ. After putting our hand to the plow, let us live as witnesses of Christ in this world without drawing back when any adversities or hardships occur. ❑

മറുപുറം

പച്ചവെളിച്ചം

ഫാ. അജീഷ് ബാബു

പച്ചവെളിച്ചം അനുമതിയല്ല; അത് ഒരു ആഹ്വാനമാണ്. നിൽക്കാതെ മുന്നോട്ട് പോകാൻ വിളിക്കുന്ന ഒരു ശബ്ദം. എന്നാൽ ആ ശബ്ദം കേൾക്കാൻ, മനുഷ്യൻ ആദ്യം തന്റെ ഉള്ളിലെ ബധിരത തിരിച്ചറിയണം. സമൂഹത്തിന്റെ വലിയ ഘടനകൾ പലപ്പോഴും മനുഷ്യരെ കാണാത്തവരാക്കി, കേൾക്കാത്തവരാക്കി മാറ്റുന്നു. അധികാരത്തിന്റെ ഭാഷ സത്യത്തെ മറയ്ക്കുമ്പോൾ, മതത്തിന്റെ ഭാഷ ചോദ്യങ്ങളെ നിശ്ശബ്ദമാക്കുമ്പോൾ, രാഷ്ട്രീയം മനുഷ്യന്റെ വേദനയെ കണക്കുകളാക്കി ചുരുക്കുമ്പോൾ അവിടെയാണ് അന്ധതയുടെ ഈ ഇരുട്ട് പിറക്കുന്നത്. ഈ ഇരുട്ടിനിടയിൽ, ബേത്സെയ്ദയിൽ നടന്ന സൗഖ്യം ഒരു പ്രതീകമായി ഉയർന്ന് നിൽക്കുന്നു. അത് ഒരു അത്ഭുതകഥയല്ല മാത്രം; മനുഷ്യബോധത്തിന്റെ രൂപാന്തരത്തെക്കുറിച്ചുള്ള ദൈവശാസ്ത്രപരവും സാമൂഹികവുമായ ആഴമുള്ള ഭാഷയാണ്.

ഒരിക്കൽ എത്തിപ്പെടാനാകാതെ പോയ സ്ഥലത്ത് ശിഷ്യന്മാർ എത്തിച്ചേരുന്നത്, ഒരു ഭൗഗോളമാറ്റമല്ല, അത് ഒരു അന്തർയാത്രയുടെ സൂചനയാണ്. അന്ധതയിൽ നിന്നു ദർശനത്തിലേക്കുള്ള, അർത്ഥമില്ലായ്മയിൽ നിന്നു തിരിച്ചറിവിലേക്കുള്ള ഒരു നീക്കം.

എന്നാൽ ഈ ദർശനം ഒരൊറ്റ നിമിഷത്തിൽ പൂർണ്ണമാകുന്നില്ല. അത് ഘട്ടങ്ങളിലൂടെ തുറക്കപ്പെടുന്നു. ആദ്യം മനുഷ്യൻ “നടക്കുന്ന മരങ്ങളെപ്പോലെ” ആളുകളെ കാണുന്നു. മങ്ങിയതും അനിശ്ചിതവുമായ ഒരു ദൃശ്യം. പിന്നീടാണ് വ്യക്തത ലഭിക്കുന്നത്. ഈ ഇടക്കാല മങ്ങിയ ദർശനം, വാസ്തവത്തിൽ, മനുഷ്യന്റെ ഏറ്റവും സത്യസന്ധമായ അവസ്ഥയാണ്. ലോകവും ഇതേ അവസ്ഥയിലാണ്. വിവരങ്ങളുടെ പ്രളയത്തിൽ സത്യത്തിന്റെ രൂപം മങ്ങിയിരിക്കുന്നു; രാഷ്ട്രീയവും മാധ്യമങ്ങളും സമൂഹവും എല്ലാം ചേർന്ന് നമ്മെ ഭാഗിക ദർശനത്തിലേക്ക് മാത്രം നയിക്കുന്നു.

മങ്ങിയ ദർശനം പരാജയം അല്ല; അത് തുടക്കമാണ്. ഒന്നും കാണാത്ത അവസ്ഥയിൽ നിന്ന് എന്തെങ്കിലും കാണാൻ തുടങ്ങുന്ന നിമിഷം തന്നെയാണ് മാറ്റത്തിന്റെ ആദ്യ കിരണം. ആത്മീയ ജീവിതത്തിലും ഇതുതന്നെയാണ് സത്യം. “ഞാൻ കാണുന്നു, പക്ഷേ വ്യക്തമായി അല്ല” എന്ന സമ്മതം തന്നെയാണ് വിശ്വാസത്തിന്റെ ഏറ്റവും സത്യസന്ധമായ പ്രാർത്ഥന. കാരണം, ദർശനം ഒരു ദാനമാണ്. ബന്ധത്തിന്റെ ആഴത്തിൽ വിരിയുന്ന ഒരു കൃപ.

ഇവിടെയാണ് “പച്ചവെളിച്ചം” തന്റെ യഥാർത്ഥ അർത്ഥം നേടുന്നത്. അത് ഒരു അന്തിമലക്ഷ്യം അല്ല; അത് ഒരു ക്ഷണം മുന്നോട്ട് പോകാൻ, കൂടുതൽ കാണാൻ, കൂടുതൽ മനസ്സിലാക്കാൻ. മങ്ങിയ ദർശനത്തിൽ തൃപ്തിപ്പെടാതെ, വ്യക്തതയുടെ വെളിച്ചത്തിലേക്ക് നീങ്ങാൻ പ്രേരിപ്പിക്കുന്ന ഒരു നിശ്ശബ്ദ ശക്തി.

ദർശനയാത്ര സഭയുടെ ജീവിതത്തിലും നിർണായകമാണ്. വിഭജനങ്ങൾ, ചരിത്രപരമായ വേദനകൾ, വ്യത്യസ്ത പാരമ്പര്യങ്ങൾ ഇവയെല്ലാം സഭയുടെ ദർശനത്തെ പലപ്പോഴും മങ്ങിയതാക്കുന്നു. എന്നാൽ ഈ മങ്ങിയതിന്റെ നടുവിൽ പോലും, ഐക്യത്തിലേക്കുള്ള ഒരു വിളി നിരന്തരം ഉയരുന്നു. സഭയുടെ യഥാർത്ഥ ദൗത്യം പൂർണ്ണതയുടെ അവകാശവാദത്തിൽ അല്ല; മറിച്ച് ഒരുമിച്ച് സത്യത്തിലേക്ക് നടക്കാനുള്ള വിനയത്തിലാണ്.

ഇത്തരം ഒരു പച്ചവെളിച്ച നിമിഷമായി തന്നെ സമീപകാലത്ത് നടന്ന ഒരു ചരിത്രസംഭവം നമ്മെ സ്പർശിക്കുന്നു. Pope Leo XIV, Sarah Mullally എന്ന Archbishop of Canterbury യെ സ്വീകരിച്ച് കൂടിക്കാഴ്ച നടത്തി. സഭയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലായി മാറുന്നു. ഈ കൂടിക്കാഴ്ചയിൽ, കത്തോലിക്കരും ആംഗ്ലിക്കൻ സഭാംഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ മറികടക്കുന്നതിനായി ഒരുമിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പോപ്പ് ലിയോ XIV ഊന്നിപ്പറഞ്ഞു. അതോടൊപ്പം, ആർച്ച്ബിഷപ്പ് സാറ മുള്ളാലിയും ഐക്യയാത്രയുടെ പ്രാധാന്യം എടുത്തുപറഞ്ഞു. സുവിശേഷം പ്രഖ്യാപിക്കുന്ന ദൗത്യത്തിൽ ഐക്യത്തോടെ മുന്നേറുക എന്നത് അവരുടെ പൊതുവായ വിളിയാണെന്ന് അവർ വ്യക്തമാക്കി. ഇത് വെറും വാക്കുകളല്ല; ബേത്സെയ്ദയിലെ “രണ്ടാമത്തെ സ്പർശം” പോലെ ഒരു ആത്മീയ സൂചനയാണ്. മങ്ങിയ ദർശനത്തിൽ നിന്ന് വ്യക്തതയിലേക്കുള്ള ഒരു കൂട്ടയാത്രയുടെ തുടക്കം.

ഇത് ഒരു ചരിത്രസംഭവം മാത്രമല്ല; ഒരു ദിശാസൂചികയാണ്. അന്ധതയുടെ കാലഘട്ടത്തിൽ പോലും, സഭയ്ക്ക് വീണ്ടും കാണാൻ കഴിയും എന്ന പ്രത്യാശയുടെ തെളിവ്. വ്യത്യാസങ്ങൾ ഇല്ലാതാകുന്നത് കൊണ്ടല്ല ഐക്യം പിറക്കുന്നത്; മറിച്ച് വ്യത്യാസങ്ങളോടൊപ്പം പോലും ഒരുമിച്ച് നടക്കാൻ പഠിക്കുന്ന നിമിഷത്തിലാണ് യഥാർത്ഥ ഐക്യം ഉദിക്കുന്നത്.



അതിനാൽ, ഈ സംഭവം “പച്ചവെളിച്ചം” എന്ന പ്രതീകത്തിന്റെ ജീവനുള്ള ഉദാഹരണമായി മാറുന്നു. സഭ നിർത്താതെ മുന്നോട്ട് പോകുന്നു. മങ്ങിയ ദർശനത്തിൽ നിന്ന് വ്യക്തതയിലേക്കു, വിഭജനത്തിൽ നിന്ന് ഐക്യത്തിലേക്കു, സംശയത്തിൽ നിന്ന് സാക്ഷ്യത്തിലേക്കു.

പച്ചവെളിച്ചം നമ്മെ ഒരു നിശ്ശബ്ദ സത്യത്തിലേക്ക് നയിക്കുന്നു: ദർശനം ഒരൊറ്റ നിമിഷത്തിന്റെ അത്ഭുതമല്ല; അത് പല സ്പർശങ്ങളിലൂടെ വളരുന്ന ഒരു ജീവിതമാണ്.

പച്ചവെളിച്ചം ഒരു ക്ഷണം:
മങ്ങിയ ലോകത്തിൽ നിർത്താതെ,
വ്യക്തതയുടെ വെളിച്ചത്തിലേക്ക്
ഒരുമിച്ച് മുന്നേറാൻ.

❑



ചന്ദനപ്പള്ളിയിൽ നിന്ന് നമ്മൾ തെളിച്ച സ്നേഹപ്പൂത്തിരി മലങ്കരസഭയാകെ നൻമയുടെ വെളിച്ചം വിതറുകയാണ്. ആദ്യഘട്ടത്തിലെ ദൈവാലയങ്ങൾക്ക് പുറമേ നിരവധി ഇടവകകൾ മാതൃകാപരമായ തീരുമാനം കൈക്കൊള്ളുന്നു എന്നത് സന്തോഷകരമാണ്. നൻമയുടെ ദീപശിഖ അണയാതെ കൈമാറുന്ന പ്രിയമക്കൾക്ക് അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

ഫാ. എൻ. ഡി. ദാനിയേൽ അന്തരിച്ചു



മഴുവന്നൂർ: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സീനിയർ വൈദികൻ നെടുമ്പുറത്ത് ഫാ. എൻ. ഡി. ദാനിയേൽ (91) അന്തരിച്ചു. സംസ്കാരം സെന്റ് തോമസ് പള്ളിയിൽ നടന്നു. അങ്കമാലി ഭദ്രാസന സെക്രട്ടറി, എംഒഎസ്സി മെഡിക്കൽ കോളജ് ഗവേണിങ് ബോഡി അംഗം, മഴുവന്നൂർ എസ്ആർവി യുപി സ്കൂൾ പ്രധാനാ ധ്യാപകൻ എന്നീ നിലകളിലും പ്രവർത്തിച്ചു. ഭാര്യ: കിഴക്കമ്പലം വാലയിൽ കെ. വി. അന്നം (റിട്ട. എച്ച്എം). മക്കൾ: ഷേർലി, ഡി. എൻ. ലാൽ (എംഒഎസ്സി കോലഞ്ചേരി). മരുമക്കൾ: ജോയ് തോമസ് (റിട്ട. അസി. രജിസ്ട്രാർ, സഹകരണ വകുപ്പ്), സിനി പി. ജേക്കബ് (ആർഎം എച്ച്എസ്എസ് വടവുകോട്).



Malankara Orthodox Church Delegation Conducts Landmark Visit to Russia

OCP News Service

MOSCOW, RUSSIA — A high-level delegation from the Malankara Orthodox Syrian Church of India has concluded a multi-faceted visit to the Russian Orthodox Church, highlighting a deepening of both academic cooperation and shared liturgical veneration between the two traditions.

The delegation, led by Metropolitan Geevarghese Kurillos of Mumbai and Metropolitan Yuhanon Polycarpos of Ankamali, arrived at the invitation of His Holiness Patriarch Kirill of Moscow and All Russia and with the blessing of Catholicos Marthomas Mathews the Third of Malankara to strengthen the "Working Group" for bilateral relations.

Academic Cooperation at the Moscow Theological Academy

On April 30, the delegation visited the Holy Trinity Lavra of St. Sergius and the Moscow Theological Academy. A pivotal meeting was held with Bishop Kirill of Sergiev Posad and Dmitrov, co-chair of the bilateral Working Group. The discussions focused on expanding concrete areas of cooperation, ranging from theological education to social initiatives.

Broadening the scope of the visit, the Indian hierarchs addressed students at the National Inter-University Student Conference. In the Academy's Assembly Hall, they provided a comprehensive overview of the history and contemporary challenges of the Church of India, engaging in an interactive dialogue with the next generation of Russian theologians.

Liturgical Veneration of Saint Matrona of Moscow

On May 2, the focus shifted from the academic to the spiritual as the delegation participated in the major celebrations at the Pokrovsky Stavropegic Convent, marking the feast day of Saint Blessed Matrona of Moscow. The Divine Liturgy was presided over by Metropolitan Theognost of Kashira.

In a poignant address following the service, Metropolitan Kurillos emphasized that the patronage of Saint Matrona extends far beyond Russia, noting that she is a beloved figure for many Christians in "distant India." Bishop Theognost, speaking on behalf of Patriarch Kirill, warmly welcomed the delegation, characterizing their presence as a sign of the enduring fraternal bonds that transcend geographical and cultural boundaries.



യുവകവി വർഗീസ്സ് റ്റി നൈനാൻ പുലരി ടി വി യുടെ ശംഖുമുദ്ര സാഹിത്യ പുരസ്കാരത്തിന് അർഹനായി. 2026 മെയ് 27-നു തിരുവനന്തപുരം വൈ.എം.സി.എ. ഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ അവാർഡുകൾ വിതരണം ചെയ്യും. തുമ്പമൺ സ്വദേശിയായ ഇദ്ദേഹം ദിൽഷാദ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക അംഗമാണ്,



സന്യാസ സമൂഹം വാർഷിക സമ്മേളനം സമാപിച്ചു

കോട്ടയം; അഖില മലങ്കര സന്യാസ സമൂഹം 28-ാം മത് വാർഷിക സമ്മേളനം സമാപിച്ചു. ഏപ്രിൽ 28, 29 തീയതികളിൽ തടാകം ക്രിസ്തു ശിഷ്യ ആശ്രമത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ സഭയിലെ മെത്രാപ്പോലീത്തന്മാരും വൈദികരും സഭയിലെ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നായി നൂറ്റമ്പതോളം അംഗങ്ങളും പങ്കെടുത്തു. സന്യസ്തരുടെ വഴി ആത്മാവിൽ ആരംഭിച്ച് ആത്മാവിൽ സമാപിക്കുന്നു. (ഗലാത്യർ 3:3) എന്നതായിരുന്നു ചിന്താവിഷയം. അട്ടപ്പാടി സെന്റ് തോമസ് ആശ്രമം, കൊയമ്പത്തൂർ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ എന്നിവിടങ്ങളും സന്ദർശിച്ചു.



Dr. Geevarghese Yohannan Conferred with Prestigious ‘Order of St. George’ Award at Puthuppally Pally

KOTTAYAM: In a ceremony held today at the historic Puthuppally St. George Orthodox Church, renowned academic and philanthropist Dr. Geevarghese Yohannan was officially honored with the 'Order of St. George' Award.

The distinction, presented annually on May 3rd, recognizes individuals who have demonstrated exceptional service to society and the community. Dr. Yohannan joins an elite group of recipients recognized by the ancient shrine for their visionary leadership and dedication to humanitarian causes.



പ്രഥമ പാലിയേക്കര ജോർജ്ജിയൻ പുരസ്കാരം അവിട്ടം തിരുനാൾ ആദിത്യവർമ്മയ്ക്ക്

തിരുവല്ല: പാലിയേക്കര സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക നൽകുന്ന പ്രഥമ ജോർജ്ജിയൻ പുരസ്കാരം തിരുവിതാംകൂർ കുടുംബാംഗം അവിട്ടം തിരുനാൾ ആദിത്യവർമ്മയ്ക്ക് ഗീവർഗീസ് മാർ പക്കോമിയോസ് തിരുമേനി നൽകി ആദരിച്ചു. പാലിയേക്കര ഇടവകയും തിരുവിതാംകൂർ രാജകുടുംബവുമായുള്ള അഭേദ്യ ബന്ധം പരിഗണിച്ചാണ് പ്രിൻസ് ആദിത്യവർമ്മയെ ആദ്യ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. രണ്ടു നൂറ്റാണ്ട് മുൻപ് പാലിയേക്കര ദേവാലയം അഗ്നിക്കിരയായി. അന്നു ഇടവകജനങ്ങളുടെ ആവശ്യം പരിഗണിച്ചു കേണൽ മൺറോയുടെ സഹായത്തോടെ തിരുവിതാംകൂർ ഭരണാധികാരി റാണി സേതുലക്ഷ്മിഭായി ദാനമായി നൽകിയ 16 ഏക്കറും പണവും ഉപയോഗിച്ചാണ് 1815 ൽ നിലവിലെ ദേവാലയം സ്ഥാപിച്ചത്.